NERVEEDHI
Volume -12, Issue - 08, 10th August 2023, Monthly, Price ₹ 25, Published at Kottayam
വാല്യം–12, ലക്കം–08, ആഗസ്റ്റ് 2023 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി




പേജ് 24

# സ്നേഹം തെളിയിക്കുന്ന ഉരകല്ല്

**കാ**ര്യസാധ്യത്തിനായി മെനഞ്ഞെടുത്ത ബന്ധങ്ങളെ യഥാർത്ഥ സ്നേഹബന്ധമായി കാണുവാൻ കഴിയുമോ? ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് അനേക പ്രാവിശ്യം പറഞ്ഞാലും യഥാർത്ഥസ്നേഹം ആകുമോ? കാര്യസാധ്യത്തിനായുള്ള എല്ലാ സ്നേഹബന്ധങ്ങളും പിന്നീട് തകർന്നു തരിപ്പണമാകുന്നില്ലേ? ആരെ സ്നേഹിക്കുന്നുവോ അവർക്ക് വേണ്ടി ത്യാഗം സഹിക്കുവാൻ തയ്യാറാവണം. അപ്പോൾ മാത്രമാണ് ശരിയായ സ്നേഹം വെളിപ്പെടുന്നത്. അതിനു പകരം അവനവന്റെ താല്പര്യങ്ങളെ മുറുകെ പിടിക്കുകയാണെങ്കിൽ സ്നേഹം കാര്യസാധ്യം ലക്ഷ്യമാക്കി മാത്രമുള്ളതാകും.

അപരിചിതനായ വ്യക്തിയുമായി വിവാഹത്തിന് സമ്മതിച്ച് ഭർത്താവായി സ്വീകരിക്കുന്ന പെൺകുട്ടി വിവാഹദിനം മുതൽ സ്വന്തവീട്ടുകാരെയും ചുറ്റുപാടുകളെയും വിട്ട് ഭർത്താവിനോപ്പം ജീവിക്കുവാൻ ആരംഭിക്കുന്നു. വിവാഹശേഷം താൻ ഈ പുരുഷന്റെ ഭാര്യയാണെന്നും അദ്ദേഹത്തെ സ്നേഹിച്ചും പരിചരിച്ചും ജീവിക്കുന്നത് തന്റെ കടമ ആണെന്നും ഉള്ള വസ്തുതകൾ മനസ്സാ സ്വീകരിക്കുന്നു. അദ്ദേഹത്തിനു തന്റെ മനസ്സിൽ ഇടം കൊടുക്കുന്നു. അങ്ങനെ മരണം വരെ തുടരുന്ന ഒരു സ്നേഹബന്ധം ഉടലെടുക്കുന്നു. അടുത്തിടപെടുവാനുള്ള അവസരങ്ങൾ ലഭിക്കുന്നതിലൂടെ പരസ്പരം മനസ്സിലാക്കുന്നു. ആ ബന്ധം ഊഷ്മളവും ഉറപ്പും ഉള്ളതുമാകുന്നു. ഹൃദയരഹസ്യങ്ങൾ പങ്കുവയ്ക്കപ്പെടുന്നു. വലിയ സ്വാതന്ത്ര്യത്തോടും അവകാശത്തോടുമുള്ള പെരുമാറ്റങ്ങൾ ദൃശ്യമാകുന്നു. എത്ര സമയം ഒരുമിച്ചിരുന്നാലും മതിയാകാത്ത അനുഭവം ആയി ആ ബന്ധം പരിണമിക്കുന്നു.ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ച് ഇത് യാഥാർത്ഥ്യമാണ്. ക്രിസ്തീയ ജീവിതത്തിന്റെ പുരോഗതിയും വളർച്ചയും ക്രിസ്തുവുമായുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. ഭാര്യാഭർതൃ ബന്ധത്തോടുപമിച്ചാണ് ക്രിസ്തുവുമായുള്ള ബന്ധത്തെ തിരുവെഴുത്തു വ്യക്തമാക്കുന്നത്. ഈ സ്നേഹത്തിൽ കുറവ് വരുമ്പോൾ അഥവാ ആദ്യസ്നേഹം നഷ്ടപ്പെടുമ്പോൾ ക്രിസ്തീയജീവിതം യാന്ത്രികവും മുഷിപ്പുളവാക്കുന്നതും ആയി പരിണമിക്കുന്നു.

പാപം മോചിച്ചു കിട്ടി എന്നതാണ് ക്രിസ്തുവിനെ സ്നേഹിക്കുന്നതിനുള്ള സുപ്രധാനമായ മാനദണ്ഡം. ശീമോൻ എന്ന പരീശൻ ഭക്ഷണത്തിനായി യേശുവിനെ തന്റെ ഭവനത്തിലേക്ക് ക്ഷണിച്ചപ്പോൾ ഒരതിഥിക്ക് നൽകേണ്ട ഉപചാരങ്ങൾ എല്ലാം നൽകിയില്ല. അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ക്ഷണിക്കപ്പെടാതെ പാപിനിയായ ഒരു സ്ത്രീ വന്നു. വിലയേറിയ പരിമള തൈലം നിറഞ്ഞ ഒരു വെങ്കൽഭരണി തുറന്നു യേശുവിന്റെ കാലുകളിൽ തൈലം പൂശുന്നതിന്റെ പൊരുൾ എന്താണ്? അവിടെ ഉണ്ടായിരുന്ന എല്ലാവരുടെയും കണ്ണുകളെ തുറക്കുവാൻ ശേഷിയുള്ളതായിരുന്നു യേശുവിന്റെ ഉത്തരം! ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു. അതിനാൽ അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു. നമ്മെ രക്ഷിച്ച ദൈവകൃപയെക്കുറിച്ച് ധ്യാനിക്കുമ്പോൾ എങ്ങനെ യേശുകർത്താവിനെ സ്നേഹിക്കാതിരിക്കാൻ ആവും?വിശ്വസ്തതയാണ് യഥാർത്ഥ സ്നേഹം തെളിയിക്കുന്നതിനുള്ള ഉരകല്ല്. ആത്മമണവാളനായ ക്രിസ്തുവിനെ ഹൃദയപൂർവ്വം ഉറ്റുസ്നേഹിക്കുവാൻ നമുക്ക് കഴിയട്ടെ. എന്റെ സ്നേഹം നിനക്കു മാത്രം വേറെയാരും കവരുകയില്ല എന്നു പാടുന്ന പലരും ഹൃദയത്തിൽ അന്യർക്കിടം കൊടുത്തതിൽ മനസാന്തരപ്പെടുകയല്ലേ വേണ്ടത്. പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണം എന്ന് ആവശ്യപ്പെടുന്ന കർത്താവ് തന്നെക്കാളധികം മറ്റാരെയും മറ്റൊന്നിനെയും സ്നേഹിക്കരുത് എന്നും അരുളിച്ചെയ്തിട്ടുണ്ട്. ക്രിസ്തുവിനോടുള്ള ആദ്യസ്നേഹം, അതിൽ വന്ന ഗുരുതരമായ വീഴ്ചകൾ, അനുതപിച്ചില്ലെങ്കിൽ വരുന്ന ഭവിഷ്യത്തുകൾ ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം.

ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും വായനക്കാർക്ക് ആത്മികവർധനയ്ക്കു ഉതകട്ടെ എന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു.

പുസ്തകം 12 ലക്കം 8
ആഗസ്റ്റ് 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൽട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**സഭയ്ക്ക് സംഭവിച്ച ഗുരുതരമായ വീഴ്ച** 4
ജോയ് എം. തോമസ്

**എന്താണ് ഉണർവ്വ്...? എങ്ങനെ പ്രാപിക്കാം...?** 7
സാജു മാത്യു

**അഹന്തയ്ക്ക് എതിരായി വിശ്വാസപ്പോരാട്ടം** 9
ജോർജ് മാത്യു, പുതുപ്പള്ളി

**സ്വയം പ്രസാദിക്കുന്നവർ...** 11
ചെയ്സ് ജോസഫ്

**ഒരു വ്യക്തിയെ ക്രിസ്തുവിലേക്ക് നയിക്കുവാൻ...** 14
വാച്ച്മാൻ ലീ

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**മതത്തിന്റെ സ്വാധീനം** 19
സാധു സത്യ

**നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട നിധി...!** 20
അനി ചാക്കോ

**വനിതാ വീഥി** 22

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**വരുവാനുള്ള ഏലിയാവ് അവൻ...** 27

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം. തോമസ്

# സഭയ്ക്ക് സംഭവിച്ച ഗുരുതരമായ വീഴ്ച

സഭയ്ക്ക് സംഭവിച്ച ഗുരുതരമായ വീഴ്ചയാണ് ആദ്യസ്നേഹം നഷ്ടപ്പെട്ടു എന്നത്. ഞാനും നിങ്ങളും ഉൾപ്പെട്ടിരിക്കുന്ന ലോകത്തെ വിടെയുമുള്ള ക്രിസ്തു വിശ്വാസികളുടെ സമൂഹമാണ് സഭ. അതുകൊണ്ട് നാം ഓരോരുത്തരും ഒരു സ്വയപരിശോധനയ്ക്ക് തയ്യാറാകേണ്ടിയിരിക്കുന്നു. നാം അന്യോന്യം പഴി ചാരിയിട്ട് കാര്യമില്ല. പ്രത്യുത ദൈവസന്നിധിയിൽ സ്വയം താഴ്ത്തുകയും കർത്താവിനോട് അടുത്തു വരികയും ചെയ്യേണ്ടിയിരിക്കുന്നു.

ഈ സന്ദേശത്തിനാധാരമായ തിരുവചന ഭാഗം ഇവിടെ ഉദ്ധരിക്കുന്നു: 'എഫെസൊസിലെ സഭയുടെ ദൂതന് എഴുതുക: 'ഏഴു നക്ഷത്രം വലങ്കൈയിൽ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്കു സഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു. എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട്. നീ ഏതിൽനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽനിന്നു നീക്കുകയും ചെയ്യും. എങ്കിലും നിക്കൊലാവ്യരുടെ നടപ്പു നീ പകയ്ക്കുന്നു എന്നൊരു നന്മ നിനക്കുണ്ട്' (വെളിപ്പാട് 2 :1 - 6).

എഫെസൊസിലെ സഭയ്ക്കുള്ള ദൂത് ആ സഭയ്ക്ക് മാത്രമുള്ളതായിരുന്നില്ലല്ലോ. ദൂതവസാനിപ്പിക്കുമ്പോൾ 'ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ' എന്ന് പറഞ്ഞാണ് അവസാനിപ്പിക്കുന്നത്. അതിന്റെ അർത്ഥം ഈ ദൂത് എല്ലാ സഭകൾക്കും ബാധകമാണ് എന്ന് വ്യക്തം. സഭയുടെ ദൂതനോടാണല്ലോ

**ആദ്യ സ്നേഹം എന്നതിനാൽ അർത്ഥം ആക്കുന്നത് നീ ആദ്യം ചെയ്തതുപോലെ ഇപ്പോൾ എന്നെയോ, നിങ്ങൾ തമ്മിൽത്തമ്മിലോ സ്നേഹിക്കുന്നില്ല എന്നാണ്**

സഭയ്ക്കുള്ള ദൂത് അറിയിച്ചത്. ഈ ദൂത് സ്വീകരിച്ച്, സഭയ്ക്ക് മനസ്സിലാക്കി കൊടുക്കുവാൻ ദൈവം സഭയിൽ നിയമിച്ചിരിക്കുന്ന ശുശ്രൂഷകർക്കുള്ള ഉത്തരവാദിത്തത്തെയാണ് ഇത് കാണിക്കുന്നത്.

എഫെസൊസ് സഭ എത്ര നല്ല സഭയായിരുന്നു. ഏതാണ്ട് **എഡി 60** ൽ പൗലോസ് എഫെസൊസ് സഭക്ക് ലേഖനം എഴുതുമ്പോൾ അവരെക്കുറിച്ചുള്ള സന്തോഷം പ്രകടമാക്കിക്കൊണ്ട് 'നിങ്ങൾക്ക് കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുള്ള സ്നേഹത്തെയും കുറിച്ച് കേട്ടിട്ട്' എന്ന് എഴുതി. അതിന്റെ അർത്ഥം അവർക്ക് കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും സകല വിശുദ്ധന്മാരോടുള്ള സ്നേഹവും എല്ലാവരും നന്നായി ശ്രദ്ധിച്ചിട്ടുള്ളതും ചർച്ച ചെയ്യപ്പെട്ടതുമായ വിഷയം ആയിരുന്നു. ഇതാണ് 'ആദ്യത്തെ പ്രവർത്തി' എന്ന് കർത്താവ് സഭയ്ക്ക് നൽകുന്ന ദൂതിൽ വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ **എഡി 95** ആയപ്പോഴേക്കും സഭയ്ക്ക് വീഴ്ച സംഭവിച്ചു. അവർ ആദ്യസ്നേഹം വിട്ടുകളഞ്ഞു.

കർത്താവായ യേശുക്രിസ്തുവിലുള്ള ആഴമേറിയതും സുദൃഢവുമായ വിശ്വാസവും, എല്ലാ ദൈവമക്കളെയും സഹോദര തുല്യരായി കണ്ട് സ്നേഹിച്ചിരുന്നതുമായ ഒരു നല്ല കാലം നമ്മുടെ ആത്മീയ ജീവിതത്തിൽ ഉണ്ടായിരുന്നത് ഓർമ്മിക്കുവാൻ കഴിയുന്നുണ്ടോ? എന്നാൽ ഇന്നത്തെ അനുഭവത്തെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു? ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന കുറ്റമല്ലേ ഇന്ന് കർത്താവിനു നമ്മെക്കുറിച്ചും പറയാൻ ഉള്ളത്? നമുക്ക് ഒരു മാനസാന്തരം വളരെ അനിവാര്യമായിരിക്കുന്നു.

എഫെസൊസ് സഭയ്ക്ക് സംഭവിച്ച വീഴ്ച അവർ അറിഞ്ഞിരുന്നില്ല. അവരുടെ മനോഭാവത്തിലുണ്ടായ മാറ്റം ഒരുപക്ഷേ അവർ പോലും മനസിലാക്കിയിരുന്നില്ല. കാരണം സഭ എപ്പോഴും കാര്യക്ഷമതയോടെ കർമ്മ നിരതമായിരുന്നു. പ്രശംസായോഗ്യമായ പ്രവർത്തികൾ ചെയ്യുന്നു. കഷ്ടം സഹിച്ച സഭയാണ്. എപ്പോഴും അവർ സഹിഷ്ണുതയുള്ളവരാണ്. അവർക്ക് കാര്യമായ ഉപദേശ പിശകുകൾ ഒന്നുമില്ല. കള്ള ഉപദേഷ്ടാക്കന്മാരെ അവർ സഹിക്കില്ല: ഉപദേശ സത്യങ്ങൾക്കായി അവർ ധീരതയോടെ നിലനിൽക്കുന്നു. കർത്താവിന്റെ നാമം നിമിത്തം ഏറെ ഉത്സാഹം അവർക്കുണ്ട്. ഇങ്ങനെയൊക്കെ ആയിട്ടും കർ

**കർത്താവായ യേശുക്രിസ്തുവിലുള്ള ആഴമേറിയതും സുദൃഢവുമായ വിശ്വാസവും, എല്ലാ ദൈവമക്കളെയും സഹോദര തുല്യരായി കണ്ട് സ്നേഹിച്ചിരുന്നതുമായ ഒരു നല്ല കാലം നമ്മുടെ ആത്മീയ ജീവിതത്തിൽ ഉണ്ടായിരുന്നത് ഓർമ്മിക്കുവാൻ കഴിയുന്നുണ്ടോ? എന്നാൽ ഇന്നത്തെ അനുഭവത്തെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?**

ത്താവ് അവരുടെ ഉള്ളിലേക്ക് നോക്കിയിട്ട് പറയുന്നു: 'ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്'

ആദ്യസ്നേഹം എന്നതിനാൽ അർത്ഥം ആകുന്നത് ' നീ ആദ്യം ചെയ്തതുപോലെ ഇപ്പോൾ എന്നെയോ, നിങ്ങൾ തമ്മിൽത്തമ്മിലോ സ്നേഹിക്കുന്നില്ല (You don't love me or each other as you did at frist)എന്നാണ്. സ്നേഹിക്കുന്നുണ്ട് എന്നുതന്നെ ആയിരിക്കും ഇപ്പോഴും എഫെസൊസ് സഭ പറയുക. എന്നാൽ കർത്താവ് പറയുന്നു: ഈ സ്നേഹം പോരാ... നീ ആരംഭത്തിൽ ഇങ്ങനെ ആയിരുന്നില്ല എന്നെ സ്നേഹിച്ചത്. നിങ്ങൾ തമ്മിലും ഇങ്ങനെ ആയിരുന്നില്ലല്ലോ സ്നേഹിച്ചത്. അതുകൊണ്ട് എവിടെയാണ് വീഴ്ച സംഭവിച്ചത് എന്ന് കണ്ടെത്തുക. ആദ്യസ്നേഹത്തിൽ നിന്നും എത്ര ദൂരം നീ അകന്നുപോയി എന്ന് മനസ്സിലാക്കി മാനസാന്തരപ്പെടുക; മടങ്ങിവരിക!

എഫെസൊസ് സഭയ്ക്ക് സംഭവിച്ച അബദ്ധം തന്നെയാണോ ഇന്ന് നമുക്കും സംഭവിച്ചിരിക്കുന്നതെന്ന് നാമും ശാന്തമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അവർ വചനസത്യങ്ങൾ ഉത്ഘോഷിക്കുന്നുണ്ട്. എന്നാൽ ആരെക്കുറിച്ചാണോ പ്രസംഗിക്കുന്നത് ആ കർത്താവിനെ ഉള്ളു തുറന്നു സ്നേഹിക്കുന്നില്ല. കർത്താവിനോട് ചേർന്നിരിക്കുവാനും അവിടുത്തെ ഇഷ്ടം തിരിച്ചറിയാനും ഉത്സാഹിക്കുന്നില്ല. സൽപ്രവർത്തികൾ ചെയ്യുന്നുണ്ട്, എന്നാൽ ദൈവസ്നേഹത്തിലോ സാഹോദര്യസ്നേഹത്തിലോ ആർദ്രതയുള്ള ഹൃദയത്തിൽ നിന്നോ അല്ല അത് ചെയ്യുന്നത്. മറ്റുള്ളവരുടെ

**ഇന്ന് നമ്മുടെ സഭകളിലേക്ക് നോക്കിയാൽ പ്രശംസായോഗ്യമായത് എന്തുണ്ട്? എഫെസൊസ് സഭയുടെ നിരയിൽ നിൽക്കുവാൻ നമുക്ക് യോഗ്യത ഉണ്ടോ? നമ്മുടെ ഓരോരുത്തരുടെയും ആത്മികതയെ സ്വയം മാർക്കിട്ട് വിലയിരുത്തുക. നമ്മുടെ ആത്മീയതയെ ആത്മാർത്ഥമായി വിലയിരുത്തിയാൽ നാം ദൈവസന്നിധിയിൽ കുറ്റങ്ങൾ ഏറ്റുപറഞ്ഞു നിലവിളിക്കാതിരിക്കില്ല. ആത്മാർത്ഥമായ സ്വയ പരിശോധനയ്ക്ക് എത്രപേർ തയ്യാറാകും എന്നതാണ് ചോദ്യം!**

അംഗീകാരത്തിന് വേണ്ടിയുള്ള പാഴ്‌വേലകളായി അവരുടെ പ്രവർത്തികൾ തരം താണു പോയി. അവർ വചനം ധീരതയോടെ പ്രസംഗിക്കുകയും ക്രിസ്തുവിന്റെ സാക്ഷ്യം പറയുകയും ചെയ്യുന്നു. പക്ഷേ ദൈവസ്നേഹം തങ്ങളിൽക്കൂടി മറ്റുള്ളവരിലേക്ക് പകരപ്പെടുന്നതാണ് യഥാർത്ഥ ക്രിസ്തീയസാക്ഷ്യം എന്നത് അവർ മറന്നുപോയി. എഫെസൊസിലെ വിശ്വാസികളെപ്പോലെ തന്നെ അല്ലേ നാമും?

എട്ടുവിധ കാര്യങ്ങളിൽ കർത്താവ് സഭയെ പ്രശംസിച്ചു പറഞ്ഞതായി നാം വായിക്കുന്നു. അവരുടെ പ്രവർത്തിയും, പ്രയത്നവും, സഹിഷ്ണുതയും, കൊള്ളരുതാത്തവരെ സഹിച്ചു കൂടാത്തതും, കള്ളന്മാരെ പരീക്ഷിച്ച് അവരെ കള്ളന്മാർ എന്ന് കണ്ടെത്തിയതും, സഹിഷ്ണുതയുള്ളതും കർത്താവിന്റെ നാമത്തിനായി സഹിച്ചതും തളർന്ന്പോകാത്തതും...തുടങ്ങിയ കാര്യങ്ങൾ. എന്നാൽ കർത്താവ് ഘനഗംഭീര സ്വരത്തിൽ പറയുന്നു: എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടു കളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവർത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാതിരുന്നാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും. ഒരു കുറ്റം മറ്റ് എല്ലാ യോഗ്യതകളെയും നിർമ്മൂലമാക്കുന്നതാണ് ഏറ്റവും ഗൗരവമായ കാര്യം!

ഇന്ന് നമ്മുടെ സഭകളിലേക്ക് നോക്കിയാൽ പ്രശംസായോഗ്യമായത് എന്തുണ്ട്? എഫെസൊസ് സഭയുടെ നിരയിൽ നിൽക്കുവാൻ നമുക്ക് യോഗ്യത ഉണ്ടോ? നമ്മുടെ ഓരോരുത്തരുടെയും ആത്മികതയെ സ്വയം മാർക്കിട്ട് വിലയിരുത്തുക. നമ്മുടെ ആത്മീയതയെ ആത്മാർത്ഥമായി വിലയിരുത്തിയാൽ നാം ദൈവസന്നിധിയിൽ കുറ്റങ്ങൾ ഏറ്റുപറഞ്ഞു നിലവിളിക്കാതിരിക്കില്ല. ആത്മാർത്ഥമായ സ്വയ പരിശോധനയ്ക്ക് എത്രപേർ തയ്യാറാകും എന്നതാണ് ചോദ്യം!

സഭയുടെ ശുശ്രൂഷകരാണ് ആദ്യം സ്വയശോധന ചെയ്ത് ഉണരേണ്ടത്. ആദ്യസ്നേഹത്തിലേക്ക് അവർ മടങ്ങിവരണം. കർത്താവിനോട് പൂർണഹൃദയത്തോടെയുള്ള സ്നേഹമാണ് വേണ്ടത്. എല്ലാറ്റിനേക്കാളും എല്ലാവരെക്കാളും കർത്താവിനെ സ്നേഹിക്കുവാനും കർത്താവിന്റെ ഇഷ്ടം നിവർത്തിക്കുന്നത് ജീവിതലക്ഷ്യമാക്കി സ്വീകരിക്കുവാനുമുള്ള ഉറച്ച സമർപ്പണം നമുക്കുണ്ടാകണം. കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുവാൻ കഴിഞ്ഞാൽ അളവുകളില്ലാത്ത തന്റെ സ്നേഹത്തിൽ നിമഗ്നരാകുവാൻ നമുക്ക് കഴിയും. അപ്പോൾ കർത്താവ് സ്നേഹിച്ചതുപോലെ സകല വിശുദ്ധന്മാരെയും സ്നേഹിക്കുവാനുള്ള ഹൃദയവിശാലതയും, മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുന്ന മനോഭാവവും നമ്മിൽ വളരും. മാത്രമല്ല 'ആരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് എല്ലാവരും ക്രിസ്തുവിൽ വിശ്വസിക്കണം' എന്ന ദൈവസ്നേഹത്താലുള്ള നിർബന്ധവും നമ്മിലുണ്ടാവും. അതാണ് യഥാർത്ഥ ആത്മഭാരം. അപ്പോൾ 'സകല ജാതികളെയും ശിഷ്യരാക്കുക' എന്നു കർത്താവ് ഭരമേല്പിച്ച ദൗത്യം നാം സ്വമേധയാ ഏറ്റെടുക്കും; ശരിയായ ആത്മഭാരത്തോടെ!

സഭകൾ ആദ്യസ്നേഹത്തിലേക്ക് മടങ്ങിവരണം. ദൈവത്തെ സ്നേഹിക്കുകയും അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്ന ആത്മീയതയുടെ ശരിയായ അനുഭവത്തിലേക്ക് മടങ്ങിവരണം. സഭ ലോകത്തിന്റെ വെളിച്ചമായി പ്രകാശിക്കണം. അതിന് നാം ഓരോരുത്തരായി ഉണർന്നാലേ സാധ്യമാകൂ. നമ്മുടെ മുമ്പിൽ ഇനി സമയം അധികം ഇല്ല. 'അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും' എന്ന മുന്നറിയിപ്പ് നാം അവഗണിച്ചു കൂടാ! കർത്താവ് വാതില്ക്കൽ എത്തിയിരിക്കുന്നുവെല്ലോ! •



സാജു മാത്യു

# എന്താണ് ഉണർവ്വ്...?
# എങ്ങനെ പ്രാപിക്കാം...?

'വേദപുസ്തക സത്യങ്ങളിലേക്ക് സഭ മടങ്ങിപ്പോവുകയും പുതിയനിയമ ജീവിതരീതി ജനം പിന്തുടരുകയും ചെയ്യുന്നിടത്തെല്ലാം ദൈവം ഉണർവിനെ അയയ്ക്കും'. ലോകപ്രശസ്ത ഉണർവ്വു ചരിത്രകാരനായ 'എഡ്വിൻ ഓർ' 'ഇവാഞ്ചലിക്കൽ എവൈയ്ക്കനിങ്ങ്സ്' എന്ന തന്റെ പുസ്തക പരമ്പരയുടെ അവതാരികയിൽ കുറിച്ചതാണിത്. പഴയനിയമത്തിലെ ഏറ്റവും വലിയ സാമൂഹ്യ ഉണർവായിട്ടാണ് യഹൂദാരാജാവായ യോശിയാവിന്റെ കാലത്തെ ഉണർവ്വ് അറിയപ്പെടുന്നത്. 2 രാജാക്കന്മാരുടെ പുസ്തകം 22, 23 അദ്ധ്യായങ്ങളിലും 2 ദിനവൃത്താന്ത പുസ്തകം 34,35 അധ്യായങ്ങളിലും യോശിയാവിന്റെ കാലത്തെ ഉണർവിനെ വിശദീകരിക്കുന്നുണ്ട്. എട്ടു വയസ്സിൽ രാജവാഴ്ച തുടങ്ങിയവനായിരുന്നു യോശിയാവ്. അവന്റെ യൗവനത്തിൽ തന്നെ അവൻ യഹോവയെ അന്വേഷിച്ചു തുടങ്ങി. 26 വയസ്സിൽ അവൻ ദൈവാലയം പുതുക്കി പണിയുവാൻ ആഗ്രഹിച്ചു. അവിടെ നിന്നായിരുന്നു എല്ലാറ്റിന്റെയും തുടക്കം.

യഹോവയുടെ ആലയത്തിൽ നിന്ന് ന്യായപ്രമാണ പുസ്തകം കണ്ടെടുക്കപ്പെട്ടു. ഒരുപക്ഷേ ഇത് കൽക്കെട്ടുകൾക്കുള്ളിൽ സൂക്ഷിക്കപ്പെട്ട ചുരുളുകളായിരുന്നിരിക്കണം. എന്തായാലും പുസ്തകം രാജാവിന്റെ കയ്യിൽ എത്തി. സെക്രട്ടറിയായിരുന്ന ശാഫാൻ, പുസ്തകം രാജാവിനെ വായിച്ചു കേൾപ്പിച്ചു. ന്യായപ്രമാണ പുസ്തകത്തിന്റെ വാക്കുകളെ കേട്ടിട്ട് രാജാവ് വസ്ത്രം കീറി! 'അയ്യോ, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇച്ഛകളായിരുന്നല്ലോ ഈ പുസ്തകത്തിൽ... നമുക്കുവേണ്ടി എഴുതപ്പെട്ട ഈ പുസ്തകം നേരത്തെ കണ്ടെടുക്കപ്പെട്ടില്ലല്ലോ...' എന്ന് പറഞ്ഞു കൊണ്ടായിരുന്നു രാജാവിന്റെ വിലാപം (2 രാജാക്കന്മാർ 22: 13 ).

വചനത്തിന്റെ വ്യാഖ്യാനത്തിനും അതിന്റെ ആത്മാവിന്റെ അന്വേഷണത്തിനുമായി രാജാവ് പ്രവാചകരെ അന്വേഷിച്ചു. ഒരു സാധാരണക്കാരിക്കാണ് ദൈവം അരുളപ്പാട് കൊടുത്തത്... കൊട്ടാരം തയ്യൽക്കാരന്റെ ഭാര്യയായ ഹൂൽദാ പ്രവാചകിക്ക്... പ്രവാചകി പറഞ്ഞു; ഇത് ന്യായവിധിയുടെ സന്ദേശമാണ് (2 രാജാക്കന്മാർ 22 :16,17). എന്നാൽ രാജാവ് വചനത്തിന് മുമ്പാകെ താഴ്ത്തി അനുതപിച്ചാൽ ദൈവം യഥാസ്ഥാനപ്പെടുത്തും.

രാജാവ് സകല ജനങ്ങളെയും വിളിച്ചുകൂട്ടി. പിന്നീട് എല്ലാവരെയും വചനം വായിച്ചു കേൾപ്പിച്ചു. പിന്നെ പറഞ്ഞു: യഹോവയുടെ ആലയത്തിൽ നിന്ന് കിട്ടിയ വചനമാണിത്. ഞാനിത് വായിച്ചപ്പോൾ എന്റെ ഹൃദയം തകർന്നു പോയി. ഞാൻ വചനത്തെക്കുറിച്ച് ദൈവത്തോട് അരുളപ്പാട് ചോദിച്ചു. ഇത് ന്യായവിധിയുടെ സന്ദേശമാണ്. യഹോവ അരുളിച്ചെയ്യുന്നത് അതാണ് . നാം യഹോവയെ ഉപേക്ഷിച്ച് അന്യദേവന്മാർക്ക് ധൂപം കാട്ടി. നമ്മുടെ സകല പ്രവർത്തികളാലും ദൈവത്തിന്റെ കോപത്തെ ഉദ്ദീപിപ്പിച്ചു. അതുകൊണ്ട് അവിടുന്ന്

തന്റെ പുസ്തകത്തിലെ നിയമം അനുസരിച്ചുള്ള ശിക്ഷ നമ്മുടെ മേൽ അയയ്ക്കും. അതിനാൽ നമുക്ക് ഒരു അനുതാപവും മടങ്ങിവരവും അത്യന്താപേക്ഷിതമാണ്. ഞാൻ അതിന് മുൻകൈയെടുക്കും.

ഞാൻ യഹോവയെ അനുസരിച്ച് നടക്കുകയും അവന്റെ കൽപ്പനകളും സാക്ഷ്യങ്ങളും ചട്ടങ്ങളും പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പ്രമാണിക്കുകയും ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമത്തിന്റെ വാക്യങ്ങൾ നിവർത്തിക്കുകയും ചെയ്യും. ഞാൻ അങ്ങനെ ഉടമ്പടി ചെയ്യുന്നു. എന്താണ് നിങ്ങളുടെ പ്രതികരണം? ജനം എല്ലാം പറഞ്ഞു! ഞങ്ങൾ ആ ഉടമ്പടിയിൽ യോജിക്കുന്നു( 2 രാജാക്കന്മാർ 23 :13).

ഉണർവിന്റെ ആരംഭം ആയിരുന്നു അത്. അവർ ദൈവാലയത്തിൽ കൊണ്ടു വച്ചിരുന്ന ബാലിന്റെയും അശേരയുടെയും ആകാശരാജ്ഞിയുടെയും പ്രതിഷ്ഠകൾ വലിച്ചിളക്കി ദൂരെ കൊണ്ടു പോയി ചുട്ടു കളഞ്ഞു. യോശിയാവിന്റെ പിതാക്കന്മാർ സ്ഥാപിച്ചിരുന്ന അന്യദൈവങ്ങളുടെ പൂജാഗിരികളെയും തകർത്തു. അവയ്ക്ക് ധൂപം കാട്ടിയിരുന്നവരെ നീക്കി. ദൈവാലയത്തിലെ പുരുഷവേശ്യകളെ തുരത്തി. അവരുടെ വീടുകളെ ഇടിച്ചു. ഇസ്രായേലിലുള്ള സകല വിഗ്രഹങ്ങളും തച്ചുടച്ചു. ഒരു സംഹാരയാത്ര...! (2 രാജാക്കന്മാർ 23:420).

പിന്നീട് യോശിയാവ് ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്ന പ്രകാരമുള്ള വലിയൊരു പെസഹ കഴിച്ചു. (2 ദിനവൃത്താന്തം 35: 1 ). അതുപോലൊരു പെസഹാ, ചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല. അടുത്ത പടി ദേവാലയത്തിലെ സകല ശുശ്രൂഷകളും ക്രമത്തിൽ ആക്കുക എന്നതായിരുന്നു. ഇങ്ങനെയുള്ള എല്ലാ പ്രവർത്തനങ്ങളാലും അദ്ദേഹം ദൈവാലയത്തെ യഥാസ്ഥാനപ്പെടുത്തി. (2 ദിനവൃ. 35: 20 ).

**ഉണർവിന്റെ വഴി ഇങ്ങനെ**

യുവാവായിരുന്നു യോശിയാവ് അവൻ രാജാവാണ് ഇപ്പോൾ താൻ യഹോവയെ അന്വേഷിക്കുന്നു. ദൈവത്തെ അന്വേഷിച്ചപ്പോൾ ദൈവം അവനെ തേടി ഇറങ്ങിച്ചെന്നു. ദൈവം തന്റെ വചനത്തിലൂടെ അവനെ കീറിമുറിച്ചു. തനിക്കു വേണ്ടിയുള്ളതാണ് വചനം എന്ന് അവൻ അറിഞ്ഞു. ആ വചനത്തിന് വ്യാഖ്യാനവും വിവേചനവും വേണമെന്ന് അവൻ മനസ്സിലാക്കി. ഒരു സാധാരണക്കാരിയിൽ നിന്ന് അതായത് തന്റെ വസ്ത്ര വിചാരകന്റെ ഭാര്യയിൽ നിന്ന് ദൈവീക സന്ദേശം സ്വീകരിക്കുവാനുള്ള വിനയം അവൻ കാട്ടി. ദൈവീക ന്യായവിധിയെ കുറിച്ചുള്ള ബോധ്യം അവന് ലഭിച്ചു.

ഉണർവ്വ് ആരംഭിക്കുകയായി. അത് രാജാവിന്റെ ഹൃദയത്തെ സ്വാധീനിച്ചു . എന്നാൽ ഉണർവ്വ് ജനങ്ങളെ സ്വാധീനിച്ചിരുന്നില്ല! ജനങ്ങൾ ഉണർത്തപ്പെടണം. ഉണർവ്വ് കൽപ്പന ആക്കാൻ പറ്റില്ല. ജനങ്ങൾ ഉണർത്തപ്പെടാൻ ജനനായകൻ കൽപ്പന ഇറക്കിയാൽ പോരാ... രാജാവിനറിയാം തന്നെ ഉണർത്തിയത് വചനമാണ്. വചനം ജനങ്ങളിൽ എത്തിക്കുകയാണ് ഉണർവിനുള്ള പോംവഴി എന്നുതന്നെ താൻ ഉറപ്പിച്ചു.

രാജാവ് ജനങ്ങളെയെല്ലാം വിളിച്ചു കൂട്ടി. അവരോട് തന്റെ സാക്ഷ്യം പറഞ്ഞു. വചനം എന്നെ രൂപാന്തരപ്പെടുത്തി. ഞാൻ ഉണർത്തപ്പെട്ടു. ഞാൻ ദൈവവുമായി ഉടമ്പടി ചെയ്യുന്നു. ഞാൻ വചനം അനുസരിക്കും. നിങ്ങൾ എന്ത് തീരുമാനിക്കും? വചനം ജനത്തെയും സ്പർശിച്ചു തുടങ്ങി. ജനം പറഞ്ഞു, ഞങ്ങളും ഉടമ്പടിയിൽ പങ്കുചേരുന്നു, ഞങ്ങളും വചനം അനുസരിക്കും.

വചനത്തിന്റെ അനുസരണമാണ് ഉടമ്പടി. വചനത്തിന്റെ അനുസരണമാണ് ഉണർവ്വ്. പാട്ടു പാടിക്കൊണ്ടു ഇരുന്നാൽ ഉണർവാകില്ല. ഉച്ചത്തിലാർപ്പിട്ടതു കൊണ്ട് ഉണർവ്വു നടക്കില്ല. ജനം ഉടമ്പടിയിലേക്ക് വരണം. ഉടമ്പടി ദൈവിക പ്രവർത്തനങ്ങളുടെ സ്വീകരണത്തിന് ഒരു അത്യന്താപേക്ഷിത ഘടകമാണ്. ദൈവം നോഹയുമായി ഉടമ്പടി ചെയ്തു. അബ്രഹാമുമായി ഉടമ്പടി ചെയ്തു. സീനായിൽ ഇസ്രായേൽ മക്കളുമായി ഉടമ്പടി ചെയ്തു. ഉടമ്പടിയുടെ രക്തം ചൊരിഞ്ഞ് യേശു തന്റെ മണവാട്ടിയുമായി ഉടമ്പടി ചെയ്തു.

ഉടമ്പടിയുടെ ജനം വ്യത്യസ്തരായേ പറ്റൂ... അവർ വിശുദ്ധരാണ് വേർപെട്ടവരാണ്. ഇനി അശുദ്ധി പറ്റില്ല... ഉടമ്പടിയുടെ ജീവിതം അതാണ് പഠിപ്പിക്കുന്നത്.

യോശിയാവ് ശുദ്ധീകരണം ആരംഭിച്ചു. അതിനു വേണ്ടി രാജ്യം മുഴുവൻ അദ്ദേഹം തന്നെ തേരോട്ടം നടത്തി. രാജ്യത്തുള്ള സകല വിഗ്രഹങ്ങളും തകർന്നു, പൂജാഗിരികളും ഉടഞ്ഞു.... ഈ കാര്യങ്ങളൊക്കെ ഒരു കൽപ്പന പുറപ്പെടുവിച്ചുകൊണ്ട് ചെയ്യാനുള്ളതേ ഉണ്ടായി

ശേഷം പേജ് 28 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# അഹന്തയ്ക്ക് എതിരായി വിശ്വാസപ്പോരാട്ടം

'**ഞാ**ൻ' എന്ന ഭാവത്തിന്റെ ചുരുക്കനാമമാണ് അഹന്ത എന്ന് ഒരർത്ഥത്തിൽ പറയാം. എങ്ങ നെയുള്ളവരായിരിക്കണമെന്ന ഉദ്ദേശ്യത്തോടെ യാണോ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് അതിനു നേരേ വിപരീതമായ പ്രകൃതമാണ് അഹന്ത. സ്നേഹത്തിന്റെ അഭാവത്തിലാണ് അഹന്തയുടെ ഉത്ഭവം. അഹന്തയുള്ള വ്യക്തിയുടെ ചിന്തയെല്ലാം തന്നിൽത്തന്നെ കേന്ദ്രീകരിച്ചിരിക്കുന്നു. മറ്റുള്ളവരെക്കുറിച്ചോ അവരുടെ അഭിപ്രായങ്ങളെപ്പറ്റിയോ അയാൾ അശേഷം ശ്രദ്ധാലുവല്ല.

സ്വാർത്ഥതാല്പര്യങ്ങൾ സാധിച്ചു കിട്ടുക എന്നതാണ് അഹന്തയുള്ളവരുടെ ലക്ഷ്യവും സന്തോഷവും. ആരോഗ്യം, സമ്പത്സമൃദ്ധി, സുഖം, ബഹുമാനം, സ്ഥാനം, മാനം ഇതെല്ലാം പലരിലും അഹന്തയ്ക്കു കാരണമാകുന്നു. അഹത്തിനുവേണ്ടി മാത്രമാണ് ഇവർ ജീവിക്കുന്നത്. അഹത്തെ അവർ അമിതമായി ലാളിക്കുന്നു. തങ്ങൾ നിമിത്തം മറ്റുള്ളവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി അവർ അശേഷം ബോധവാന്മാരല്ല. അന്യരുടെ സമയവും ശക്തിയുമെല്ലാം സ്വന്തം നേട്ടങ്ങൾക്കായി അവർ അപഹരിച്ചെടുക്കുന്നു. മറ്റുള്ളവരെ സ്വന്തം ആവശ്യങ്ങൾക്കായി അവർ ബോധപൂർവം ഉപയോഗപ്പെടുത്തും. മറ്റുള്ളവരുടെ ശരീരത്തിനോ ആത്മാവിനോ ഉണ്ടാകുന്ന കെടുതികളെപ്പറ്റി അവർക്കു യാതൊരു ചിന്തയുമില്ല.

അഹന്തയുള്ളവർ ജീവിക്കുന്നത് തങ്ങൾക്കുവേണ്ടി മാത്രമാണെന്നതാണ് ഭയാനകമായ വസ്തുത. ദൈവത്തെ ആരാധിക്കുന്നതിനു പകരം അവർ സ്വയത്തെയാണ് ആരാധിക്കുന്നത്. അതായത് ദൈവഹിതത്തേക്കാളുപരി അവരുടെ ദേഹത്തെ തൃപ്തിപ്പെടുത്തുന്നതിലാണ് അവരുടെ ലക്ഷ്യം. കഠിനമായ ദൈവിക ന്യായവിധിയായിരിക്കും നിത്യതയിൽ അവർക്ക് നേരിടേണ്ടിവരിക. ബിംബാരാധികൾ ദൈവനഗരത്തിനു പുറത്തുതന്നെ' (വെളിപ്പാട് 22 : 15). മറഞ്ഞിരിക്കുന്ന നമ്മുടെ അഹന്തയെ ദൈവികവെളിച്ചത്തിൽ നാം തിരിച്ചറിയണം. അഹന്തയ്ക്ക് നാം ഭക്തിയുടെ മുഖം മൂടി നൽകരുത്. അല്ലെങ്കിൽ ദൈവതിരുമുമ്പാകെ നാം കപട ഭക്തരായി എണ്ണപ്പെടും.

അഹന്ത അപരർക്ക് ദുരിതമുളവാക്കുകയും അവർക്കെതിരെ പാപം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യും. മാത്രമല്ല നമ്മുടെ ആത്മാവിനെയും അത് അപകടത്തിലാക്കുന്നു. അപ്പോൾ യേശുകർത്താവ് നമ്മെ നോക്കിപ്പറയും: ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു' (വെളിപ്പാട് 3 :1). ഒരേ സമയം യേശുവിൽ വിശ്വസിക്കുകയും അഹന്തയുടെ പിടിയിൽ അമർന്നിരിക്കുകയും ചെയ്യുന്നവരാണ് നാമെങ്കിൽ സാങ്കല്പികമായ ഒരു ക്രിസ്തീയ ജീവിതമായിരിക്കും നാം നയിക്കുക. കപടഭക്തിക്കാരുടെ ഗണത്തിലായിരിക്കും നാം ഉൾപ്പെടുക.

അഹന്തയെ മുറുകെപ്പിടിക്കുകയും അതു തഴച്ചു വളരാൻ നാം അനുവദിക്കുകയും ചെയ്യുന്നപക്ഷം അതു കഠിന അർബുദം എന്നപോലെ എല്ലാ ആത്മീയമേഖലകളിലേക്കും പടർന്നു

പന്തലിക്കും. ആത്മീയപ്രവൃത്തികളിലൂടെ തങ്ങൾക്ക് ഭൗതികമായി എന്തു ലാഭം കിട്ടുമെന്നാണ് ഇത്തരക്കാർ ചിന്തിക്കുക. അതുകൊണ്ടാണ് പൗലൊസ് ഇങ്ങനെ വിലപിക്കുന്നത്. യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്ത കാര്യമത്രേ എല്ലാവരും നോക്കുന്നു' (ഫിലിപ്യർ 2: 21). അഹന്തപ്രകൃതക്കാർ പാടുകയും പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ഭക്തിജീവിതം നയിക്കുകയും ചെയ്യുന്നത് കാപട്യത്തിന്റെ മുഖംമൂടി ധരിച്ചുകൊണ്ടായിരിക്കും. ദൈവം തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുന്നില്ലെങ്കിൽ അവർ ദൈവത്തിന് എതിരായി ധിക്കാരഭാവം പ്രകടിപ്പിക്കാൻ മുതിരുകയും ചെയ്യും.

അഹന്തയുള്ള ക്രിസ്ത്യാനികൾ കർത്താവിന്റെ ശിഷ്യന്മാരുടെ ഒരു വികലരൂപമാണ്. കർത്താവിനെ അനുഗമിക്കുന്നവർ തങ്ങളുടെ ക്രൂശെടുത്തുകൊണ്ട് യേശുവിനെ അനുഗമിക്കുന്നില്ലെങ്കിൽ തന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല എന്ന് യേശു പറയുന്നത് ഇക്കൂട്ടരെ നോക്കിക്കൊണ്ടാവും. അഹന്തയുള്ളവർക്ക് ദൈവരാജ്യം അവകാശമാക്കുവാൻ സാധിക്കുകയില്ല. യേശുവിന്റെ ശിഷ്യന്മാർക്ക് ഉണ്ടായിരിക്കേണ്ട പ്രധാന ഗുണമായ ത്യാഗം, അഹന്തപ്രകൃതക്കാർക്കില്ല. ത്യാഗം എവിടെയുണ്ടോ അവിടെയേ ദൈവസ്നേഹവും ഉണ്ടായിരിക്കുകയുള്ളൂ. സ്നേഹത്തിനു വിപരീതമായി പ്രവർത്തിക്കുന്നവർ ദൈവരാജ്യത്തിനു പുറത്തായിരിക്കും.

അഹത്തിനൊരു ക്ലേശവും ഉളവാക്കാതെ ത്യാഗത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്ന സ്വാർത്ഥബുദ്ധികൾ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും യേശുവിനോ തന്റെ രാജ്യത്തിനോ ഉള്ളവരായിരിക്കുകയില്ല. നാമെല്ലാം അഹന്തയിലേക്കു ചായ്‌വുള്ളവരാകയാൽ അഹന്തയിൽ നിന്നു സ്വതന്ത്രരാകേണ്ടത് അനിവാര്യമാണ്. നമ്മുടെ ഇച്ഛയെ ദൈവത്തിനു വിധേയപ്പെടുത്തുകയാണ് അതിനുള്ള ഏകമാർഗം. നമ്മുടെ അഹം ആകുന്ന വിഗ്രഹത്തെവെറുക്കുകയും അതിനെ പോഷിപ്പിക്കുന്നത് അവസാനിപ്പിക്കുകയും വേണം. നാം ബോധപൂർവം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുമ്പോൾ മാത്രമേ നമ്മുടെ പാപബന്ധനങ്ങളിൽനിന്ന് യേശുവിനു നമ്മെ മോചിപ്പിക്കുവാൻ കഴിയുകയുള്ളൂ.

ഈ സമർപ്പണത്തിന്റെ വ്യക്തമായ ഒരു രൂപരേഖ നമുക്ക് വിശുദ്ധ ബൈബിളിൽ കാണാം. ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവരുടെ ഗുണവും കൂടെ നോക്കണം' (ഫിലിപ്യർ 2 : 4). യേശുകർത്താവ് കാട്ടിത്തന്നിട്ടുള്ള ത്യാഗത്തിന്റേതായ മാർഗം പൗലൊസ് അപ്പൊസ്തലൻ ഇവിടെ സൂക്ഷ്മമായി ചിത്രീകരിച്ചിരിക്കുന്നു: ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ' എന്നും അദ്ദേഹം ഉത്ബോധിപ്പിക്കുന്നു. കർത്താവായ യേശുവിനെ നാം എത്രത്തോളം ഹൃദയപൂർവ്വം അനുഗമിക്കുന്നുവോ അത്രത്തോളം അഹന്തയെ നമുക്കു ജയിക്കുവാനും കഴിയും. ദൈവത്തോടുള്ള സ്നേഹവും കൃതജ്ഞതയും നിത്യജീവൻ അവകാശമാക്കുവാൻ നമുക്ക് പ്രേരകമാകും.

**നാമെല്ലാം അഹന്തയിലേക്കു ചായ്‌വുള്ളവരാകയാൽ അഹന്തയിൽ നിന്നു സ്വതന്ത്രരാകേണ്ടത് അനിവാര്യമാണ്. നമ്മുടെ ഇച്ഛയെ ദൈവത്തിനു വിധേയപ്പെടുത്തുകയാണ് അതിനുള്ള ഏകമാർഗം.**

അഹന്തയ്ക്ക് എതിരായുള്ള യുദ്ധത്തിൽ നാം പ്രാണത്യാഗത്തോളം എതിർത്തു നിൽക്കേണ്ടതുണ്ട്. അഹന്ത' നമ്മിൽ കൊടികുത്തി വാഴുമ്പോൾ താഴ്മ ധരിച്ചു കൊണ്ട് യേശുവിന്റെ രക്തത്തിന് അഹന്തയുടെ മേലുള്ള ശക്തിയെ നാം ഏറ്റുപറയുകയാണ് വേണ്ടത്. അഹന്ത നിറഞ്ഞ ഒരു പ്രവൃത്തി നമ്മിൽ വന്നാലുടൻ നാം അനുതപിക്കണമെന്നാണ് ഇതിന്റെ അർത്ഥം. ത്യാഗത്തിലൂടെ അഹന്തയെ നാം കീഴടക്കണം. അഹന്ത മൂലം രണ്ടു വ്യക്തികൾ പരസ്പരം ആശയവിനിമയം ചെയ്യാതിരുന്നാൽ രണ്ടു സമാന്തര രേഖകൾ ഒരുമിച്ചു യോജിക്കാതെ മുന്നോട്ടു പോകുന്നത് പോലെ ആകും. ഇത് ദുരവ്യാപകവും തിരുത്താൻ ആകാത്തതുമായ ദൂഷ്യഫലങ്ങൾ ഉളവാക്കും.ഇതിനെ ഓർത്തു പിന്നീട് ദുഖിച്ചിട്ടു കാര്യവുമില്ല. അഹന്തയിൽ നിന്നുള്ള മോചനത്തിനായി നാം പ്രാർത്ഥിക്കുമ്പോൾ നാം താലോലിക്കുന്ന പലതും ത്യജിക്കേണ്ടി വരും. അഹന്ത സൃഷ്ടിച്ച തെറ്റുകൾക്ക് പരിഹാരം ചെയ്യാൻ നാം തയാറാകണം. അപ്പോൾ അഹന്തയുടെ പ്രകൃതിയിൽ നിന്നും കർത്താവ് നമ്മെ മോചിപ്പിക്കുകയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാർഗത്തിലൂടെ നമ്മെ നയിക്കുകയും ചെയ്യും. ●



ചെയ്സ് ജോസഫ്

# സ്വയം പ്രസാദിക്കുന്നവർ...

**പൗ**ലോസ് റോമർ 15 ാം അധ്യായത്തിൽ ദൈവത്താൽ നീതീകരിക്കപ്പെട്ട ഒരു വിശ്വാസിയുടെ പ്രായോഗിക ജീവിതം എങ്ങനെ വളർന്നു വരുന്നു എന്ന് കാണിക്കുന്നു. നാം ശക്തരാകുന്തോറും അശക്തരുടെ ബലഹീനതകൾ ചുമക്കുവാൻ സന്നദ്ധരാവും. മറ്റുള്ളവരുടെ തെറ്റുകളാഘോഷിക്കുന്ന സ്വഭാവം നമുക്കില്ലാതെ ആവും. അതിനു നാം നമ്മിൽത്തന്നെ പ്രസാദിക്കുന്നവരാകാതെ ഇരിക്കുക എന്നത് വളരെ പ്രധാനമാണ്. അവനവനിൽത്തന്നെ പ്രസാദിച്ചിരിക്കുന്ന അനേകരെ നമുക്ക് ഇന്ന് കാണാൻ കഴിയും.

കഴിഞ്ഞ ദിവസം ഒരു സുവിശേഷ പ്രസംഗകൻ അഭിമാനത്തോടെ പറയുന്നത് കേട്ടു; അദ്ദേഹം തന്റെ മക്കളോട് പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് പഠിക്കാനാണ്. ഇത് എന്നെ വല്ലാതെ ഭയപ്പെടുത്തിക്കളഞ്ഞു. അതിനു കാരണം അദ്ദേഹം പ്രസംഗിക്കുന്നത് അദ്ദേഹത്തെത്തന്നെ ആണ്. തന്റെ ജീവിതം വളരെ നല്ലത് എന്ന് അദ്ദേഹം സ്വയം പ്രസാദിച്ചിരിക്കുന്നു. ഇങ്ങനെ മനുഷ്യർ സ്വയം നീതികരിക്കുന്നതും, മറ്റുള്ളവരെ വിധിക്കുന്നതും ഇന്ന് സാധാരണമാണ്. എന്തുകൊണ്ടാണ് ഒരാൾ അയാളിൽത്തന്നെ പ്രശംസിക്കുന്നത്? അത് ക്രിസ്തുവിന്റെ ജീവനിലേക്കു പ്രവേശിക്കാത്തതു കൊണ്ടും, ദൈവനീതി എത്ര വലുത് എന്നും, മനുഷ്യരുടെ ചിന്തയിൽ നിന്നു ദൈവത്തിന്റെ ചിന്തകൾ എത്ര ഉന്നതമായിരിക്കുന്നു എന്നറിയാത്തതു കൊണ്ടും ആണ്. തങ്ങളെത്തന്നെ ഉയർത്തുമ്പോൾ അവർ ക്രിസ്തുവിനെ മറ്റുള്ളവർ കാണുവാൻ കഴിയാതെ അടച്ചു കളയുകയാണ്. തന്നോട് ചേർക്കാത്തതു കൊണ്ട് ക്രിസ്തുവിൽ നിന്ന് ചിതറിച്ചു കളയുകയുമാണ്.

ഇന്ന് എത്രയോ ആളുകൾ വിശ്വാസത്തിൽ വന്നിട്ട് ക്രിസ്തുവിനെക്കുറിച്ച് കേൾക്കുകയും എന്നാൽ മനുഷ്യരെ മാത്രം കാണുകയും ചെയ്തു നിരാശരായി ജീവിച്ചു പോകുന്നു. അവരുടെ മുൻപിൽ ക്രിസ്തുവിന്റെ നാമം ഉയർത്തപ്പെടുന്നില്ല. പൗലോസ് പറയുന്നു: സ്വയം നമുക്ക് പ്രസാദം തോന്നരുത്. കൂട്ടുകാരനെ പ്രസാദിപ്പിക്കാൻ, സന്തോഷിപ്പിക്കാൻ ഞാൻ അധ്വാനിക്കണം. അത് എത്ര മനോഹരമാണ്. ക്രിസ്തുവിന്റെ നിലവാരത്തിന് താഴെ ഒന്നിലും പ്രസാദിക്കാതെ ഇരിക്കുകയും വേറെ ഒരാളുടെ സന്തോഷം നാം ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് ആത്മീക ജീവിതത്തിന്റെ യഥാർത്ഥ പൊരുൾ ആണെന്ന് നമുക്ക് കാണാം.

ക്രിസ്തു ഒരിക്കലും തന്നിൽത്തന്നെ പ്രസാദിച്ചില്ല. പ്രസാദിക്കാൻ വളരെ എളുപ്പമായിരുന്നു. അത്ര മനോഹരമായാണ് ക്രിസ്തു ജീവിച്ചതും അനുസരിച്ചതും. എന്നാൽ യേശുക്രിസ്തുവിനെ ഒരാൾ നല്ലവനായ ഗുരോ എന്ന് വിളിച്ചപ്പോൾ കർത്താവു എന്നെ നല്ലവൻ എന്ന് വിളിക്കുന്നത് എന്ത് എന്ന് ചോദിക്കുകയാണ് ചെയ്തത്. അതിനു കാരണം യേശുക്രിസ്തു അനുസരണത്തിന്റെ വഴി തെരഞ്ഞെടുത്തപ്പോൾ, തന്നെ നീതീകരിക്കേണ്ട ചുമതല പിതാവിന് മാത്രമായിരുന്നു. സ്വയം പ്രസാദിച്ചാൽ അത് സ്വയം നീതീകരിക്കുന്നതു പോലെ ആണ്. ദൈവത്തിന്റെ നീതീകരണ വ്യവസ്ഥക്ക് എതിരായ ഒരു പ്രവൃത്തി ആണ് നമ്മുടെ സ്വയ നീതീകരണങ്ങൾ.

അങ്ങനെ ക്രിസ്തു സ്വയം പ്രസാദിക്കാതിരുന്നത് കൊണ്ടാണ് യേശുവിനെ നിന്ദിച്ച ജനങ്ങളുടെ അതേ നിന്ദയെ യാതൊരു വിഷമവും കൂടാതെ ചുമക്കാൻ കർത്താവിനു കഴിഞ്ഞത്. സ്വയം പ്രസാദിക്കുന്ന ഒരാൾക്കു മറ്റുള്ളവരെ വിധിക്കാൻ മാത്രമേ കഴിയുകയുള്ളു.

**ക്രിസ്തുവിന്റെ മനോഭാവം**

ദൈവത്തിന്റെ ആത്മാവിനു മാത്രം കഴിയുന്ന കാര്യം ആണ് ക്രിസ്തുവിന്റെ ഈ മനോഭാവം നമ്മിൽ ഉളവാക്കുന്നതു. ആ മനോഭാവം ഇല്ലാതെ നമുക്ക് സഹോദരനെ ക്രിസ്തുവിന്റെ സ്നേഹത്താൽ സ്നേഹിക്കാൻ കഴിയുകയില്ല. അതുകൊണ്ട് നാം പരസ്പരം കൈക്കൊള്ളേണ്ടത് ആകുന്നു എന്ന് പൗലോസ് പറയുന്നു. വിവാദം ഉണ്ടാക്കാനാഗ്രഹിക്കുന്നവർ ഉദ്ധരിക്കുന്ന ഒരു വാക്യം ഇവിടെ നമുക്ക് കാണാം. റോമർ 15: 8 ൽ പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന്നു ക്രിസ്തു ദൈവത്തിന്റെ സത്യം നിമിത്തം പരിച്ഛേദനയ്ക്ക് ശുശ്രൂഷക്കാരനായി ത്തീർന്നു എന്നും, ജാതികൾ ദൈവത്തെ അവിടുത്തെ കരുണനിമിത്തം മഹത്വീകരിക്കേണം എന്നും ഞാൻ പറയുന്നു. അതുകൊണ്ട് ഗ്രേസ് മിനിസ്ട്രിസ് എന്നൊക്കെ പറയുന്ന ഹൈപ്പർ യുഗ വിശ്വാസികൾ അല്ലെങ്കിൽ വ്യാജ കൃപയുടെ വക്താക്കൾ പറയുന്നത്, യേശുക്രിസ്തു ശരിക്കും ഒരു യഹൂദ ഗുരുവായിരുന്നു എന്നാണ്. യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ നമുക്ക് ഉള്ളവ അല്ല എന്നാണ് അവർ പറയുന്നത്. എന്നാൽ ഇവിടെ പൗലൊസ് എന്താണ് പറഞ്ഞിരിക്കുന്നത്. പിതാക്കന്മാർക്കുള്ള വാഗ്ദത്തം നിറവേറ്റേണ്ടതിനു യേശുക്രിസ്തു പരിച്ഛേദനക്കാരുടെ ശുശ്രൂഷക്കാരൻ ആയിട്ട് വന്നു. എന്നാൽ വാഗ്ദത്തം സകല ജാതികൾക്കും ഉള്ളതായിരുന്നു എന്നല്ലേ? ജാതികൾ അവനിൽ സന്തോഷിക്കാൻ വേണ്ടി ആണ് സുവിശേഷം അവരുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടത്.

ഇതിനർഥം യേശുക്രിസ്തു യഹൂദന്മാർക്കു വേണ്ടിയും പൗലോസ് നമുക്ക് വേണ്ടിയും എന്നല്ല, പിന്നെയോ യേശുക്രിസ്തുവിന്റെ സുവിശേഷം അതായതു ഇരുപക്ഷത്തേയും ഒന്നാക്കുന്ന സുവിശേഷം എന്ന സത്യം ജാതികളോട് പറഞ്ഞ് അവരെയും ആ സന്തോഷത്തിലേക്കു നയിക്കാൻ അല്ലെ? റോമർ 15 : 10 ൽ അതുകൊണ്ടു ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിന്നു സ്തുതി പാടും എന്നു എഴുതിയിരിക്കുന്നവല്ലോ. മറ്റൊരിടത്തു: ജാതികളേ, കർത്താവിന്റെ ജനത്തൊടു ഒന്നിച്ചു ആനന്ദിപ്പിൻ എന്നും പറയുന്നു. സകല ജാതികളുമായുള്ളോരേ, കർത്താവിനെ സ്തുതിപ്പിൻ, സകല വംശങ്ങളും അവനെ സ്തുതിക്കട്ടെ എന്നും പറയുന്നു.

യിശ്ശായിയുടെ വേരും ജാതികളെ ഭരിപ്പാൻ എഴുന്നേല്ക്കുന്നവനുമായവൻ ഉണ്ടാകും; അവനിൽ ജാതികൾ പ്രത്യാശ വെയ്ക്കും .

ഇവിടെ ഒരിടത്തും രണ്ടു സുവിശേഷം ഇല്ല. ഉടമ്പടിയും വാഗ്ദത്തവും യിസ്രായേൽ മക്കളോട് ഉള്ളതായിരുന്നു. അവരുടെ ഇടയിലേക്ക് ക്രിസ്തു വന്നു. തന്റെ നിയമരക്തത്താൽ ഉള്ള ഉടമ്പടിയിൽ വിശ്വസിക്കുന്നവർ എല്ലാം ഒരു ജനത ആയി മാറി. ഒരു സുവിശേഷം... ഒരു കർത്താവു...ഒരു ശരീരം... തുടർന്നുള്ള വാക്യങ്ങളിൽ സുവിശേഷത്തിന്റെ പ്രധാനമായ മാർമ്മിക വിഷയങ്ങളിലേക്ക് പൗലോസ് കടക്കുന്നു. എല്ലാ ലേഖനങ്ങളിലും പൗലോസ് പറയുന്നത് പോലെ ഒരു ക്രിസ്തുശിഷ്യന് അല്ലെങ്കിൽ വീണ്ടെടുക്കപ്പെട്ട ഒരാൾക്ക് ഏറ്റവും വലിയ ധനം പ്രത്യാശ ആണ്. പരിശുദ്ധാത്മാവിന്റെ ശക്തി ആണ് നമുക്ക് പ്രത്യാശയുടെ നിറവ് നൽകുന്നത്. വേദശാസ്ത്രപരമായി നമുക്ക് ആശയപരമായ പ്രത്യാശ കിട്ടുമായിരിക്കും. എന്നാൽ ആത്മാവ് തരുന്ന പ്രത്യാശ അതിന്റെ നിറവിലേക്കു നയിക്കും. അതിനു ഒരിക്കലും ഭംഗം വരുകയില്ല. വിശ്വാസം എന്നതാണ് പ്രത്യാശയിലേക്കു സന്തോഷത്തെ പകരുന്നത്. എന്നാൽ ഒരു ആശയപരമായ പ്രത്യാശയ്ക്കു അതിനുള്ള ശക്തിയില്ല. ഇവിടെ വിശ്വാസം വളർന്നു വരുന്നത് എങ്ങനെ എന്ന് പൗലോസ് പറയുന്നു. ഇതേ സന്തോഷം എല്ലാ ജാതികൾക്കും ഉണ്ടാവുന്നത് ദൈവത്തിനു ഒരു ആരാധന ആണെന്ന് പൗലോസ് പറയുന്നു. രക്ഷ സകല ജാതികളിലും എത്തുന്നത് ദൈവഹിതം ആണ്. അതിനു വേണ്ടി ആണ് പൗലോസ് അധ്വാനിക്കുന്നത്. അല്ലാതെ ജാതികളെ ഈ വാഗ്ദത്തത്തിൽ നിന്ന് മാറ്റി വേറെ വാഗ്ദത്തങ്ങളിലേക്കു നയിക്കുകയല്ല പൗലോസ് ചെയ്യുന്നത്.

ക്രിസ്തുയേശുവിൽ പൗലോസിന്റെ പ്രശംസ ആണ് ഇത്. ജാതികളിൽ ദൈവത്തിന്റെ അനുസരണം വെളിപ്പെടുന്നത് എത്ര മനോഹരമാണ്. അത് വലിയ അടയാളങ്ങളോടെ നടന്നുവരുന്നു എന്ന് പൗലോസ് റോമാക്കാരോട് പറയുന്നു. പൗലോസിന്റെ സുവിശേഷം എന്താണെന്നു

ഇവിടെ വ്യക്തമാക്കപ്പെടുന്നു. അത് അറിവില്ലാത്തവരോട് ഇതുവരെ ദൈവത്തിന്റെ കൃപ എന്താണെന്നോ ദൈവം ആരെന്നോ പോലും അറിയാത്തവരോട് പറയാൻ വേണ്ടി ഉള്ള ഒരു ഓട്ടം ആണ്. അത് ദേശങ്ങളും രാജ്യങ്ങളും കഴിഞ്ഞു റോമാസാമ്രാജ്യത്തിന്റെ അതിരുകളിലേക്കും അതിനും അപ്പുറത്തേയ്ക്കും പോകാനുള്ള വ്യഗ്രതയായി നാം കാണുന്നു. അതുകൊണ്ട് കർത്താവിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ള റോമാക്കാരുടെ അടുക്കലേക്കു ചെല്ലുവാൻ പലപ്പോഴും പൗലോസിന് കഴിഞ്ഞില്ല. അത് അത്യാവശ്യമായ മറ്റിടങ്ങളിലേക്ക് ശ്രദ്ധ പോകുന്നത് കൊണ്ടാണ്.

**ഒതുങ്ങിക്കൂടുന്ന ശുശ്രൂഷകർ**

നാം ചിന്തിക്കേണ്ട ഒരു കാര്യമാണ് ഇത്. ശുശ്രൂഷകർ എങ്ങോട്ടാണ് ഓടുന്നത്? ജനത്തിന്റെ അത്യാവശ്യം നോക്കി ആണോ അതോ അംഗീകാരം നോക്കി ആണോ എന്നത് എത്ര പ്രധാനം ആണ് എന്ന് ഈ വചനം നമുക്കു കാണിച്ചു തരുന്നു. ഇന്ന് അംഗീകാരവും പ്രതിഫലവും നോക്കിയുള്ള ശുശ്രൂഷകരുടെ ഓട്ടം ക്രിസ്തീയ സഭകളെ ദരിദ്രവും വളർച്ച മുരടിച്ചതും ആയ പ്രസ്ഥാനങ്ങൾ ആക്കി മാറ്റിയിരിക്കുന്നു. ആഹാരം കിട്ടുന്നവർക്കു വളരെ അധികം കിട്ടുകയും, കിട്ടാത്തവർക്ക് ഒരിക്കലും കിട്ടാതെ ഇരിക്കുകയും ചെയ്യുന്നു. സാമ്പത്തികമായ പരിഗണനകൾ ആണ് ഇതിനു കൂടുതലും കാരണം. ഇനി അഥവാ സാമ്പത്തികമായ കാര്യങ്ങൾ മാറ്റി നിർത്തിയാലും നമ്മെ സ്നേഹിക്കുന്ന, അംഗീകരിക്കുന്ന സുഹൃത്തുക്കളിലേക്കും നമുക്കു സൗകര്യപ്രദമായതും പരിചിതം ആയതുമായ സാഹചര്യങ്ങളിലേക്കും പലപ്പോഴും ശുശ്രൂഷകൾ ഒതുങ്ങിപ്പോകുന്നു. കൂടുതൽ സാമ്പത്തിക സൗകര്യങ്ങൾ തേടിയുള്ള ശുശ്രൂഷകരുടെ ഒഴുക്ക് ഇരുപതാം നൂറ്റാണ്ടിൽ തുടങ്ങിയ ഒരു പ്രതിഭാസം ആണ്.

പ്രധാനമായും നാം ചിന്തിക്കേണ്ട ഒരു കാര്യം ഈ ഓട്ടത്തിൽ ഏർപ്പെടുന്നവരെ ആരാണ് വിളിക്കുന്നത് എന്നതാണ്. മിക്കവാറും സാഹചര്യങ്ങളിൽ അത് മാമോൻ ആണ്. ധനത്താലും ലോകത്താലും വിളിക്കപ്പെട്ടവരുടെ തിക്കുകൂട്ടലുകൾ ഇന്ന് എത്രയോ ദു:ഖകരമായ അന്തരീക്ഷത്തിലേക്ക് ആണ് സഭയെ നയിച്ചിട്ടുള്ളത്. ഇതിനർത്ഥം ചില സഭകളെ പണം ഉണ്ട് എന്നതിന്റെ പേരിൽ മാറ്റി നിർത്തണം എന്നല്ല. എവിടെയും ഒരു ശുശ്രൂഷകന് പോകാം. ആത്മീയ ആവശ്യങ്ങൾ എല്ലാ സഭകൾക്കും അടിസ്ഥാനപരമായി ഒന്നുതന്നെ ആണ്. എന്നാൽ ചില സ്ഥലങ്ങളിലുള്ള തിക്കും തിരക്കും പല സ്ഥലങ്ങളിലും ഇല്ലാത്തതു നമ്മെ വേദനിപ്പിക്കേണ്ടതു തന്നെ ആണ്.

**ദാനങ്ങൾ**

ഈ അദ്ധ്യായം അവസാനിക്കുമ്പോൾ പൗലൊസ് വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തെ കുറിച്ചാണ് പറയുന്നത്. അത് ദൈവനാമത്തിലുള്ള സ്നേഹദാനങ്ങൾ ആണ്. വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശഖരങ്ങളെ ഓർത്തു നാം ലജ്ജിക്കേണ്ടതില്ല. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ഉള്ള യാചനകൾ ആണ് പ്രയാസങ്ങൾ ഉണ്ടാക്കുന്നത്. പൗലോസ് വിശുദ്ധന്മാരുടെ സഹായത്തിനായി വളരെ അധികം കഷ്ടങ്ങൾ സഹിച്ചു യാത്രകൾ ചെയ്യുന്നു. സുവിശേഷം അറിയാത്തവരുടെ ഇടയിലേക്കുള്ള യാത്രകളുടെ ഇടയിലും വിശുദ്ധരെ അവഗണിക്കുന്നില്ല.

അതുമാത്രമല്ല പൗലോസ് അവസാനം പ്രാർത്ഥിക്കാൻ ആവശ്യപ്പെടുമ്പോൾ പറയുന്ന ഒരു പ്രാർത്ഥന വിഷയം, ഈ ശേഖരങ്ങൾ എല്ലാം യെരുശലേമിലെ സഹവിശ്വാസികൾക്ക് പ്രസാദകരം ആകണം എന്നതാണ്. ഇത് അമ്പരപ്പിക്കുന്ന ഒരു പ്രാർത്ഥനാരീതിയാണ്. നാം സാധാരണ ദാനം കൊടുക്കുന്നത് പ്രസാദിച്ചിട്ടാണ്. അതായത് ഇന്ന് ദാനം എന്നത് കൊടുക്കുന്നവന്റെ പ്രസാദം ആണ്. എന്നാൽ ഇവിടെ അത് വാങ്ങിക്കുന്നവന്റെ പ്രസാദം ആണ്. പണം എന്നത് ഒരു ഉപകരണം മാത്രമാണ്. അത് നാം സൂക്ഷമതയോടെ കൈകാര്യം ചെയ്യേണ്ടത് ആവശ്യമാണ്. ഈ കാലത്തു നാം ദാനം ചെയ്യുന്നവരിൽ പ്രസാദിക്കുന്നുണ്ട്. അവരെ വളരെ ഇഷ്ടവുമാണ്. എന്നാൽ ഇത് വാങ്ങുന്നവന്റെ വിവേചനം എന്ന വലിയ ഒരു ആത്മീയസത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.നാം കൊടുക്കുന്നതിനേക്കാൾ സൂക്ഷ്മതയോടെയാണ് ദാനങ്ങൾ സ്വീകരിക്കേണ്ടത്. കൊടുക്കുന്നതുകൊണ്ട് നമുക്കുള്ള നഷ്ടം പണം പോകുന്നു എന്നതേയുള്ളൂ. എന്നാൽ വാങ്ങുമ്പോൾ നാം പല ബാധ്യതകൾക്കും കടപ്പാടുകൾക്കും അടിമപ്പെട്ടു പോകുന്നു. പലരും പറയാറുണ്ട് നാം പണം ആർക്കെങ്കിലും ദാനം ചെയ്താൽ അത് വിവേചനത്തോടെയും പരിജ്ഞാനത്തോടെയും വേണം എന്ന്. എന്നാൽ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ദാനം വാങ്ങുന്നവർ കൂടുതൽ ശ്രദ്ധിക്കണം എന്നാണ്. •



വാച്ച്മാൻ നീ

# ഒരു വ്യക്തിയെ ക്രിസ്തുവിലേക്ക് നയിക്കുവാൻ...

**ആ**ളുകൾ എങ്ങനെയാണ് ദൈവരാജ്യത്തിലേക്ക് കടക്കുന്നത്? ഒരു സുവിശേഷപ്രസംഗകൻ വ്യക്തിപരമായി ആ ദൗത്യത്തിനായി ആത്മാർത്ഥമായി എങ്ങനെ തയ്യാറാകണമെന്ന് നമുക്ക് ചിന്തിക്കാം. എന്നാൽ നമ്മിലൂടെ വചനം കേൾക്കുന്നവരുടെ കാര്യമോ? ഒരു പാപി കർത്താവിനെ കണ്ടെത്തി രക്ഷിക്കപ്പെടണമെങ്കിൽ കുറഞ്ഞപക്ഷം എന്ത് ചെയ്യണം. ഈ ചോദ്യം ഇപ്പോൾ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. പാപത്തിൽ നശിച്ചു പോകുന്നവരെക്കുറിച്ചുള്ള ആത്മഭാരവും വേദനയും നമ്മിലുണ്ടെങ്കിൽ മാത്രമേ രക്ഷകനെക്കുറിച്ചു സംസാരിക്കുവാൻ നാം പ്രേരിതരാവുകയുള്ളൂ.

ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെയുള്ള വീണ്ടെടുപ്പിന്റെ സത്യങ്ങൾ നിങ്ങൾ അറിയുന്നുവെന്നും, നിങ്ങളും ആത്മാവിനാൽ വീണ്ടും ജനിച്ചവരെന്നും ഞാൻ കരുതുന്നു. ഈ അനുഭവമുള്ള ഒരു വ്യക്തിക്ക് മാത്രമേ പാപത്തിൽ തുടരുന്നവരോടു കാൽവറിയിൽ യേശു നിർവഹിച്ച രക്ഷണ്യപ്രവർത്തിയെക്കുറിച്ചും അതിലൂടെ സ്വായത്തമാകുന്ന വ്യക്തിഗത രക്ഷയെക്കുറിച്ചും പറയുവാൻ കഴിയുകയുള്ളൂ. ഒരു വ്യക്തിയെ ക്രിസ്തുവിലേക്ക് നയിക്കുന്നതിനുള്ള യഥാർത്ഥ ദൗത്യത്തിൽ നാം ശ്രദ്ധിക്കേണ്ട തത്ത്വങ്ങളെക്കുറിച്ച് ചിന്തിക്കാം.

ഒരു വ്യക്തി രക്ഷിക്കപ്പെടാൻ എന്താണ് വേണ്ടത്? ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഒരു വ്യക്തിയെ എങ്ങനെ സഹായിക്കാം? ദൈവികരക്ഷയെക്കുറിച്ച് അല്പമായ അറിവോ ആഗ്രഹമോ മാത്രമുള്ള ആളുകളെ എങ്ങനെയാണ് നാം യേശുകർത്താവുമായി സജീവമായ ബന്ധത്തിലേക്ക് കൊണ്ടുവരുന്നത്? ഇവയാണ് നമ്മുടെ ചോദ്യങ്ങൾ. അവയ്ക്ക് ഉത്തരം നൽകുന്നതിന് വളരെയധികം സഹായകമാകുന്ന നാല് മാർഗ്ഗനിർദ്ദേശങ്ങൾ നമുക്ക് ചിന്തിക്കാം.

ഓരോ വ്യക്തിയും കടന്നുപോകുന്ന വിവിധങ്ങളായ പ്രതിസന്ധിഘട്ടത്തിൽ ദൈവത്തിനു അവരെക്കുറിച്ച് പ്രത്യേക പദ്ധതിയുണ്ട്, അതിനാൽ ത്തന്നെ അവർക്കായി പ്രത്യേക കരുതലും ഒരുക്കിയിട്ടുണ്ട്. ഒന്നാമതായി അങ്ങനെ യുള്ള സന്ദർഭത്തിൽ വേദനിക്കുന്നവരുടെ സുഹൃത്തായി യേശു

അവരുടെ സമീപേയുണ്ട്. രണ്ടാമതായി, യാതൊരു മധ്യസ്ഥന്റെയും ആവശ്യമില്ലാതെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ അവിടുന്ന് അവസരം ഒരുക്കുന്നു. മൂന്നാമതായി, പരിശുദ്ധാത്മാവിനെ ഹൃദയം തകർന്നവരിലേക്ക് പകരുന്നു. മാനസാന്തരം, വിശ്വാസം എന്നിവയുടെ പ്രാരംഭ പ്രവൃത്തിയും തുടർന്നു യേശുവിലേക്കു അവർ നയിക്കപ്പെടുവാൻ വേണ്ടിയും ആണിത്. ഒടുവിൽ, പാപിയുടെ ഭാഗത്ത് നിന്ന് ഒരു വ്യവസ്ഥ മാത്രം ആവശ്യപ്പെടുന്നു. വിശ്വസിക്കാനോ അനുതപിക്കാനോ പാപത്തെക്കുറിച്ച് ബോധവാന്മാരായിരിക്കാനോ ക്രിസ്തു മരിച്ചുവെന്ന് അറിയാനോ ഒന്നും ആദ്യം ആവശ്യപ്പെടുന്നില്ല. സത്യസന്ധമായ ഹൃദയത്തോടെ മാത്രമേ നാം കർത്താവിനെ സമീപിക്കേണ്ടതുള്ളൂ. ഈ അവസാന പ്രസ്താവന നമ്മെ ഞെട്ടിച്ചേക്കാം. അത് എത്രത്തോളം സഹായകരമാണെന്ന് പിന്നീട് മാത്രമേ മനസിലാക്കുവാൻ കഴിയുകയുള്ളൂ.

സുവിശേഷങ്ങളിൽ കർത്താവായ യേശുവിനെ പാപികളുടെ സുഹൃത്തായി അവതരിപ്പിക്കുന്നു. കാരണം ചരിത്രപരമായി ക്രിസ്തു പാപികളുടെ രക്ഷകനാകുന്നതിന് മുമ്പ് ആളുകൾക്കിടയിൽ അവരുടെ സുഹൃത്തായി മാറുന്നു. എന്നാൽ അവിടുന്ന് നമ്മുടെ രക്ഷകനാകാൻ വേണ്ടി ഇന്നും നമ്മുടെ സുഹൃത്ത് എന്ന നിലയിൽ ഇടപെടുന്നു എന്ന് നാം തിരിച്ചറിയണം. പാപികളെ തന്റെ അടുക്കൽ വരാൻ സഹായിക്കുന്നതിനായി കർത്താവായ യേശു അവരുടെ ഒരു സുഹൃത്തായിട്ടാണ് വന്നതെന്ന് പുതിയനിയമത്തിൽ നിന്ന് വ്യക്തമാണ്. പാപികളുടെ സ്നേഹിതനെന്നു യേശുവിനെ വിളിച്ചിരുന്നുവല്ലോ.

പ്രതിസന്ധിഘട്ടത്തിൽ എല്ലാവരും അഭിമുഖീകരിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. ഉദാഹരണത്തിന് തിരുവെഴുത്തുകൾ പലപ്പോഴും നമ്മോടു അസാധ്യങ്ങളൊന്നുമില്ലാത്ത ദൈവത്തിൽ വിശ്വസിക്കാൻ പറയുന്നു. വിശ്വാസത്തിന്റെ ആവശ്യകതയ്ക്ക് വചനം ഊന്നൽ നൽകുന്നു. എന്നാൽ ചിലർ പറയുന്നു: എനിക്ക് വിശ്വാസിക്കുവാൻ കഴിയുന്നില്ല. ഒരിക്കൽ ഒരു പെൺകുട്ടി പറഞ്ഞു. എനിക്ക് വിശ്വസിക്കണമെന്നുണ്ട് പക്ഷേ കഴിയുന്നില്ല. ആഗ്രഹമുണ്ട്, പക്ഷേ എനിക്ക് വിശ്വാസക്കുറവ് തോന്നുന്നു. വിശ്വസിക്കുക അസാധ്യമാണ്. അതൊക്കെ ശരിയാണ്. ഞാൻ പ്രതിവചിച്ചു: നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയില്ല. എന്നാൽ നിങ്ങൾക്ക് വിശ്വാസം തരാൻ കർത്താവിനോട് അപേക്ഷിക്കാം. നിങ്ങളെ സഹായിക്കാൻ യേശു തയ്യാറാണ്. നിങ്ങൾ പ്രാർത്ഥിക്കുക: കർത്താവേ, എന്റെ അവിശ്വാസത്തെ നീക്കി എന്നെ സഹായിക്കണമേ എന്ന് .

വിശ്വാസം നമ്മിലുളവാകുന്നില്ലെങ്കിൽ വീണ്ടും, നാം മാനസാന്തരപ്പെടണമെന്ന് വചനം പറയുന്നു. പശ്ചാത്തപിക്കാൻ നമുക്ക് ആഗ്രഹമില്ലെങ്കിൽ എന്തുചെയ്യും? ഒരിക്കൽ ഒരു വിദ്യാർത്ഥിയെ കണ്ടുമുട്ടി, അവൻ കർത്താവിന്റെ അടുക്കൽ വരാൻ സമയമായില്ല എന്ന് പറഞ്ഞു. പാപത്തിന്റെ സുഖം ആസ്വദിക്കുവാൻ അവൻ കൂടുതൽ സമയം ആഗ്രഹിച്ചു. അവൻ എന്നോട് പറഞ്ഞു, കുരിശിലെ കള്ളൻ എല്ലാ സുഖങ്ങളും അനുഭവിച്ചിട്ടാണല്ലോ അവസാന നിമിഷം രക്ഷിക്കപ്പെട്ടതു. ശരി, നിങ്ങൾ എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നത്? ഞാൻ അവനോട് ചോദിച്ചു. അവൻ മറുപടി പറഞ്ഞു: എനിക്ക് ഒരു നാൽപ്പത് വർഷം കൂടി ലോകസുഖങ്ങൾ ആസ്വദിക്കാനും ആഗ്രഹമുണ്ട്, എന്നിട്ട് ഒടുവിൽ മരണത്തോടടുക്കുന്ന സമയത്തു ഞാൻ പശ്ചാത്തപിക്കും. അപ്പോൾ ഞാൻ പറഞ്ഞു: 'നമുക്ക് പ്രാർത്ഥിക്കാം. 'ഓ.. എനിക്ക് ഇപ്പോൾ പ്രാർത്ഥിക്കാൻ കഴിയില്ല അവൻ മറുപടി പറഞ്ഞു'. 'അല്ല, നിങ്ങൾക്ക് കഴിയും'. ഞാൻ പറഞ്ഞു.'നീ എന്നോട് പറഞ്ഞതെല്ലാം കർത്താവിനോട് നേരിട്ട് നിനക്ക് പറയാം'. നിങ്ങളെപ്പോലുള്ള അനുതാപമില്ലാത്ത പാപികളുടെ സുഹൃത്താണ് അവൻ. ഓ, എനിക്ക് കർത്താവിനോടു അങ്ങനെ പറയാൻ കഴിയില്ല. എന്തുകൊണ്ട് പാടില്ല? നിങ്ങളുടെ ഹൃദയത്തിൽ എന്താണോ ഉള്ളത്, നിങ്ങൾ അത് യേശുവിനോടു പറയുക. യേശു നിങ്ങളെ സഹായിക്കും. ഒടുവിൽ അവൻ പ്രാർത്ഥിച്ചു. താൻ മാനസാന്തരപ്പെടാനും രക്ഷിക്കപ്പെടാനും ആഗ്രഹിക്കുന്നില്ലെന്നും, എന്നാൽ തനിക്ക് ഒരു രക്ഷകനെ ആവശ്യമുണ്ടെന്ന് തനിക്കറിയാമെന്നും കർത്താവിനോട് പറഞ്ഞു; അവൻ സഹായത്തിനായി യേശുവിനോടു നിലവിളിച്ചു. കർത്താവ് അവനിൽ മാനസാന്തരം വരുത്തി. യേശു അവനെ രക്ഷിക്കപ്പെട്ട ഒരു മനുഷ്യനായി രൂപാന്തരപ്പെടുത്തി. പാപിക്ക് ചെയ്യാൻ കഴിയാത്തത് രക്ഷകൻ അവനുവേണ്ടി ചെയ്തു അവനെ സഹായിക്കുന്ന നല്ല സ്നേഹിതനാണെന്നു ഊന്നിപ്പറയാൻ വേണ്ടി മാത്രമാണ് ഈ സംഭവം വിശദീ

ശേഷം പേജ് 18 ▶



ഡോ. സജികുമാർ കെ. പി.



# പ്രണയ വിവാഹങ്ങളും സഭാ നിലപാടും...

മനുഷ്യജീവിതത്തിലെ ഏറ്റവും സുപ്രധാനമായ ഒരു കാലഘട്ടമാണ് യൗവനം. ആരോഗ്യത്തിന്റെയും സൗന്ദര്യത്തിന്റെയും ബുദ്ധിയുടെയും യുക്തിയുടെയും ഔന്നത്യത്തിന്റെയും കാലമാണ് യൗവനം. നൂതനമായ ആശയങ്ങളോട് അഭിനിവേശവും പൗരാണികവും പാരമ്പര്യവുമായ ചിന്താധാരകളോട് വൈരക്തിയും തോന്നുന്ന ഘട്ടമാണ് യൗവനം. അതുകൊണ്ടുതന്നെ നമ്മുടെ സഭകൾക്കകത്ത് യൗവനക്കാർ ചോദിക്കുവാൻ ആഗ്രഹിക്കുന്ന അനവധി ചോദ്യങ്ങൾ ഉണ്ട്. അവയ്ക്ക് മറുപടി നൽകുവാനും യൗവനക്കാരെ സൂക്ഷ്മതയോടെ കേൾക്കുവാനും പലപ്പോഴും സാധിക്കാതെ പോകുമ്പോൾ സ്വാഭാവികമായും യൗവനക്കാർ സഭാനേതൃത്വത്തോട് ആഭിമുഖ്യം കാണിക്കാതെ പോകാറുണ്ട്. ഈ അധ്യായത്തിൽ യുവജനങ്ങൾ ഇന്ന് ചോദിക്കാറുള്ള ചില സുപ്രധാന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**1 പ്രണയ വിവാഹങ്ങളും സഭാ നിലപാടും:**

അറേഞ്ച്ഡ് മാര്യേജ് എന്ന പാരമ്പര്യശൈലിയിൽ നിന്ന് ചെറുപ്പക്കാർ വളരെയധികം മാറിയിട്ടുണ്ട്. പ്രണയബന്ധങ്ങൾ ഇല്ലാത്ത ചെറുപ്പക്കാരെ കണ്ടു കിട്ടുക പ്രയാസമായിരിക്കുന്നു. ഒരുമിച്ച് ജീവിക്കേണ്ടവർ പരസ്പരം അറിയാനും മനസ്സിലാക്കുവാനും സമയമെടുക്കുന്നത് നല്ലതല്ലേ എന്നും, പാരമ്പര്യമായി പ്രണയത്തെയും പ്രണയബന്ധങ്ങളെയും എതിർത്തിരുന്നവർ കാലോചിതമായി ചിന്തിക്കേണ്ട സമയമായില്ലേ എന്നും, ചെറുപ്പക്കാർ സ്ഥിരമായി ചോദിക്കാറുണ്ട്. ആദ്യം ചെറുപ്പക്കാർ പൊതുവേ ഉന്നയിക്കാറുള്ള ഈ ചോദ്യം തന്നെ ആദ്യം വിശകലനം ചെയ്യാം.

തീർച്ചയായും മനുഷ്യന്റെ വളർച്ചയുടെ ഒരു സുപ്രധാന നാഴികക്കല്ലാണ് സ്ത്രീപുരുഷ ആകർഷണം. ഒരു പിഞ്ചുകുഞ്ഞിന്റെ വളർച്ചയുടെ ആരംഭഘട്ടത്തിൽ ഈ വ്യത്യാസം അവർ ചിന്തിക്കാറില്ല. പിന്നീട് അങ്ങോട്ട് ശാരീരിക തലത്തിൽ ലിംഗ വ്യത്യാസത്തെ കുട്ടികൾ മനസ്സിലാക്കുന്നു. കൗമാരമടുക്കുമ്പോഴാണ് വൈകാരികതലത്തിൽ ഈ വ്യത്യാസം അവർ തിരിച്ചറിയുന്നത്. അതുകൊണ്ടുതന്നെ കൗമാരത്തിൽ എതിർലിംഗത്തിൽപ്പെട്ടവരോട് ശക്തമായ വൈകാരിക അടുപ്പം വളരെ വേഗം രൂപപ്പെടാറുണ്ട്. സൗന്ദര്യം, ആകർഷണീയത പെരുമാറ്റം, കഴിവുകൾ എന്നിവ പെട്ടെന്ന് ഒരു ആരാധനാമനോഭാവം രൂപപ്പെടുത്തിയേക്കാം. അതിനപ്പുറം പരസ്പരം അറിയാൻ സാഹചര്യം ലഭിക്കുന്നത് അനുസരിച്ച് ദിവസങ്ങൾ കൊണ്ട് പ്രണയം മൊട്ടിട്ടു വളരുവാൻ ആരംഭിക്കുകയും ആഴ്ചകൾ കൊണ്ട് അത് ഒരു അഭിനിവേശം ആവുകയും ചെയ്യുന്നു.

ഇന്ന്, ടെലിവിഷൻ മീഡിയ വഴിയും, ചാറ്റിങ് വഴിയും യൂട്യൂബ് തുടങ്ങിയ ഇന്റർനെറ്റ് അധിഷ്ഠിത കാഴ്ചയുടെ ലോകവും, അതിനപ്പുറം നിർലോഭമായ സ്വകാര്യ സംഭാഷണ

ത്തിനും പങ്കുവെയ്ക്കലിനും വേദിയൊരുക്കുന്ന സോഷ്യൽ മീഡിയകൾ വഴിയും, പ്രണയത്തെയും പ്രണയബന്ധങ്ങളെയും നിർലോഭം മഹത്വവൽക്കരിക്കുന്ന കാലഘട്ടമാണ്. മനുഷ്യന്റെ ആസ്വാദനങ്ങളിൽ ഏറ്റവും പ്രധാനം വൈകാരിക ആസ്വാദനങ്ങളാണ്. പ്രണയിതാവിനോടും പ്രണയിനിയോടും കൂടെ, മനസ്സുകൊണ്ടും സംഭാഷണങ്ങൾ കൊണ്ടും ശരീരം കൊണ്ടും ആസ്വദിക്കുന്ന നായകനും നായികയും സ്ഥിരമായി ഇത് കണ്ട് ആസ്വദിക്കുന്ന ചെറുപ്പക്കാരുടെ മനസ്സിൽ ഉളവാക്കുന്ന വികാരവിക്ഷോഭങ്ങൾ ചെറുതൊന്നുമല്ല.

പ്രണയബന്ധത്താൽ വശംവദരായ നായകനും നായികയും ഒട്ടും വൈകാതെ ആരെയും വകവയ്ക്കാതെ വ്യഭിചാരത്തിൽ ഏർപ്പെടുന്നത് ഇംഗ്ലീഷ് സിനിമകളിൽ സ്ഥിരം കാഴ്ചയാണ്. കുടുംബ മൂല്യങ്ങൾക്കും പാപബോധത്തിനും ആത്മീയ തിരിച്ചറിയലുകൾക്കും അവിടെ അല്പം പോലും സ്ഥാനം കൽപിക്കപ്പെടാറില്ല. കാരണം ഇവിടെ ആസ്വാദനമാണ് വലുത്. ആസ്വാദനങ്ങളുടെ കച്ചവടവൽക്കരണത്തിൽ ഒരിക്കലും മൂല്യങ്ങൾക്ക് പ്രാധാന്യത ലഭിക്കാറില്ല. ഇന്നത്തെ ചെറുപ്പക്കാർ അവരുടെ മനസ്സിലേക്ക് വാരിനിറയ്ക്കുന്നത് ഇത്തരം മ്ലേച്ഛതകൾ ആകുമ്പോൾ ലൈംഗിക അതിക്രമങ്ങൾ തികച്ചും സ്വാഭാവികമാണ്.

നൂറുകണക്കിന് കൗമാരക്കാർ ഓരോ ദിവസവും ഇവിടെ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നു. കൗമാര പ്രണയബന്ധങ്ങൾ ആഴ്ചകൾക്കകം ഇന്ന് ശാരീരിക ആസ്വാദനങ്ങളിലേക്ക് വഴുതിവീഴുന്നു എന്നത് നാം കണ്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. മഹാമാരി സകല മനുഷ്യരെയും വീട്ടിൽ ഒതുക്കിയപ്പോൾ വിദ്യാഭ്യാസവും ആത്മീയ കൂടി വരവുകളും എല്ലാം ഓൺലൈനായി മാറി. തല്ഫലമായി അനവധി ചെറുപ്പക്കാർക്ക് ഇതുവരെ ഇല്ലാതിരുന്ന ഇന്റർനെറ്റിന്റെ അപാരമായ ലോകമാണ് തുറന്നു കിട്ടിയത്. ആ ലോകത്തോടൊപ്പം തുറന്നത് ഓൺലൈൻ ബന്ധങ്ങളും ടെസ്റ്റിങ്ങും, അതിനപ്പുറം സ്വകാര്യലോകത്ത് ലൈംഗികാസ്വാദനങ്ങളുടെ സെക്സിങ്ങും ആയിരുന്നു.

പെട്ടെന്ന് ഇന്നുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു വ്യക്തിയെ വിവാഹം ആലോചിക്കുക, ആഴ്ചകൾക്കുള്ളിൽ ആ വ്യക്തിയുമായി കുടുംബജീവിതം തുടങ്ങുക എന്നത് സ്വാഭാവികമായും പലർക്കും മാനസിക സംഘർഷം സൃഷ്ടിക്കുന്ന കാര്യം തന്നെയാണ്. അതുകൊണ്ടാണ് ഇഷ്ടപ്പെട്ട ഒരു വ്യക്തിയെ കണ്ടുപിടിച്ചു മാസങ്ങളും വർഷങ്ങളും എടുത്ത് ആ വ്യക്തിയെ മനസ്സിലാക്കി പിന്നീട് അത് ഒരു വിവാഹത്തിലേക്ക് എത്തിച്ചേരുന്ന പ്രണയത്തെ പറ്റി ചെറുപ്പക്കാർ സംസാരിക്കുന്നത്. വളരെയധികം യുക്തി സഹജമായ ഒരു ചിന്ത തന്നെയാണ് അത്. ലോകത്തിന്റെ വിലയിരുത്തലിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒന്ന് തന്നെയാണ് ഇതെന്ന് ചിന്തിക്കാം. എന്നാൽ പ്രശ്നം, ഈ പ്രണയം കടലാസിൽ മാത്രമേ കാണുന്നുള്ളൂ എന്നതാണ്. യഥാർത്ഥ ചിത്രം ഇതിൽ നിന്നും വളരെ അകലെയാണ്. ഇവിടുത്തെ അടിസ്ഥാനപരമായ പ്രശ്നം പ്രണയത്തെ പരിശുദ്ധം അല്ലാതാക്കുന്ന വൈകാരിക വ്യക്ഷോഭങ്ങളും പരിധിയില്ലാത്ത ലൈംഗിക അഭിനിവേശങ്ങളും ആണ്. അവിടെ കുറ്റബോധം ആരംഭിക്കും. ആത്മികത തകരും. ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്വന്തം മനസ്സും ശരീരവും പങ്കുവെച്ച് കഴിഞ്ഞ്, പിന്നീട് പ്രണയിനിയും പ്രണയിതാവും ചതിക്കുമ്പോൾ ഉണ്ടാകുന്ന മാനസിക ആഘാതം അനവധി ചെറുപ്പക്കാർക്ക് കരകയറുവാൻ പറ്റാത്ത ചതിക്കുഴികൾ ആയി അവശേഷിക്കുന്നു.

ഇങ്ങനെ പലതവണ ചൂഷണം ചെയ്യപ്പെടുകയും ചതിക്കപ്പെടുകയും ചെയ്യുന്ന ഒരു വ്യക്തി മനസ്സിൽ എതിർലിംഗത്തിൽ പെട്ടവരെ കുറിച്ച് രൂപപ്പെടുത്തി വയ്ക്കാൻ സാധ്യതയുള്ള ചില ഉൾക്കാഴ്ചകൾ ഭാവിയിലെ കുടുംബജീവിതത്തിന്റെ താളം തെറ്റിക്കുന്നു. ലോകത്തിൽ ഒരു സ്ത്രീയെയും വിശ്വസിക്കുവാൻ കൊള്ളില്ല എന്നും, സകല പുരുഷന്മാരും സ്ത്രീകളെ ലൈംഗികതയ്ക്കുള്ള ഒരു ഉപാധി മാത്രമായാണ് കാണുന്നത് എന്നുമുള്ള മനോഭാവം മനസ്സിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടാൻ മുഖാന്തരം ആകുന്ന ചതിയും വഞ്ചനയും ആണ് പ്രണയത്തിന്റെ ലോകത്ത് മറഞ്ഞിരിക്കുന്ന അപകടം. പ്രണയം നടിച്ച് പീഡിപ്പിക്കുന്ന വാർത്തകൾ വർത്തമാന പത്രങ്ങളിൽ നിറയുമ്പോൾ സ്വാഭാവികമായും മാതാപിതാക്കൾക്ക് ചെറുപ്പക്കാരായ മക്കളുടെ പ്രണയത്തെ പറ്റി ആശങ്ക വർദ്ധിക്കും.

നമ്മുടെ സംസ്കാരം അനുസരിച്ച് വിവാഹം എന്നത് രണ്ടു വ്യക്തികൾ മാത്രം ഒരുമിച്ച് ജീവിക്കാൻ എടുക്കുന്ന ഒരു തീരുമാനം അല്ല. നമ്മുടെ വിവാഹങ്ങൾ രണ്ടു കുടുംബങ്ങൾ

## പ്രണയ വിവാഹങ്ങളും സഭാ നിലപാടും...

തമ്മിലുള്ള ഒരു ബന്ധമാണ്. അതുകൊണ്ട് ബന്ധുക്കൾ, സുഹൃത്തുക്കൾ, സഭാനേതൃത്വം ഒക്കെ സുപ്രധാന പങ്കാളികളാണ്. ഇവിടെയാണ് വിവാഹം കഴിക്കാൻ പോകുന്നവർ ചേരുംപടി ചേരണം എന്ന് നിഷ്ക്കർഷിക്കപ്പെടുന്നത്. അതായത് കുടുംബജീവിതം എന്നതിലേക്കുള്ള തീരുമാനം മേൽപ്പറഞ്ഞവർക്കും കൂടെ അംഗീകാരയോഗ്യമാകണം എന്നതാണ് മുഖ്യം.

രണ്ടു മതത്തിൽപ്പെട്ടവർ, രണ്ടു ജാതിയിൽപ്പെട്ടവർ, രണ്ടു വ്യത്യസ്ത സംസ്കാരത്തിൽപ്പെട്ടവർ എന്നിവർക്കെല്ലാം വിവാഹം കഴിക്കാൻ നമ്മുടെ രാജ്യത്തിന്റെ ഭരണഘടന അനുവാദം നൽകുന്നുണ്ട്. പക്ഷേ അത്തരം തീരുമാനങ്ങൾ സമൂഹവും സഭയും കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും അംഗീകരിക്കുവാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ ഈ നിബന്ധനകൾ മറികടന്നു പ്രണയിക്കുന്നവർ വിവാഹത്തിനു വേണ്ടി ഇന്നുവരെ സ്നേഹിച്ച് കൂടെ നിന്ന മേൽപ്പറഞ്ഞവരെ മുഴുവൻ പിണക്കുകയും തിരസ്കരിക്കുകയും ചെയ്യേണ്ടിവരും. കുടുംബജീവിതം തുടങ്ങുമ്പോൾ കാണുന്ന സ്വപ്ന ലോകം പെട്ടെന്ന് തീരും. ആവേശങ്ങൾ അധികം താമസിയാകാതെ കെട്ടടങ്ങും. പിന്നെ കുടുംബത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ മേൽപ്പറഞ്ഞ ബന്ധുക്കളും കുടുംബാംഗങ്ങളും സഭയും ഒക്കെ അത്യാവശ്യമായി വരും.

വേദപുസ്തകത്തിൽ കുടുംബജീവിതത്തിലെ ദൈവികതയെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു കുടുംബബന്ധം മാത്രമേ നിലനിൽക്കൂ. സ്വയമായി ആകർഷണങ്ങളിലും അഭിനിവേശങ്ങളിലും ചെന്നുചാടി ബന്ധങ്ങൾ രൂപപ്പെടുത്തി അവസാനം ചൂഷണങ്ങളും തകർച്ചയും സംഭവിച്ചു കഴിയുമ്പോൾ ദൈവത്തെ ചോദ്യം ചെയ്യുന്നതിൽ അർത്ഥമില്ല. ദൈവം നമുക്ക് തന്നിരിക്കുന്ന പക്വതയും തിരിച്ചറിവും ആത്മീയതയും ഉപയോഗിച്ചുവേണം ഒരു ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുവാൻ. ഒരിക്കൽ തീരുമാനിച്ചാൽ പിന്നീട് മാറ്റുവാൻ കഴിയുന്ന കാര്യമല്ല കുടുംബജീവിതത്തെ സംബന്ധിച്ച തീരുമാനം. അതുകൊണ്ട് ആത്മീയ മൂല്യങ്ങളിലും സാമൂഹിക പക്വതയിലും അടിസ്ഥാനപ്പെട്ട ഒരു ജീവിതരീതി വളർത്തിയെടുക്കേണ്ടത് ഇന്നത്തെ ചെറുപ്പക്കാരെ സംബന്ധിച്ച് അത്യാവശ്യമായി വന്നിരിക്കുന്നു.

*(തുടരും...)*

## ➤ 15 ഒരു വ്യക്തിയെ ക്രിസ്തുവിലേക്ക് നയിക്കുവാൻ...

കരിച്ചത്. ഇക്കാരണത്താൽതന്നെ മറ്റൊരവസരത്തിനായി കാത്തിരിക്കാതെ ഉടനെ യേശുവിന്റെ അടുക്കൽ വരാം. അവരുടെ അവസ്ഥ എന്തു തന്നെയായാലും പ്രശ്നം എത്ര കഠിനമായാലും അവർ പാപികളുടെ സ്നേഹിതനായ യേശുവിനോട് പറയുക. നിശ്ചയമായും യേശു അവരെ സഹായിക്കും.

എന്താണ് രക്ഷ? രക്ഷ പ്രാപിക്കണമെങ്കിൽ കർത്താവായ യേശുവിനോട് വ്യക്തിപരമായ ഒരു ബന്ധം സ്ഥാപിക്കണം. അതായത് യേശുവിൽ ഒരു സ്നേഹിതനെ കണ്ടെത്തുന്ന വ്യക്തിക്ക് തുടന്ന് യേശുവിൽ ഒരു രക്ഷകനെ അനുഭവിക്കുവാൻ കഴിയും. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക, നീ രക്ഷിക്കപ്പെടും എന്നായിരുന്നു പൗലോസിന്റെ വാക്കുകൾ. നാം ആദ്യം യേശുവിൽ വിശ്വസിക്കണം. യേശുവിലൂടെയുള്ള എന്റെ പാപപരിഹാരത്തിന്റെ ആവശ്യകതയിൽ എനിക്ക് ബോധ്യമുണ്ടാകണം. ഇത് കർത്താവുമായുള്ള ആദ്യസമ്പർക്കത്തിന്റെ ആദ്യപടി ആയിരിക്കില്ല. രക്ഷയുടെ മുഴുവൻ പദ്ധതിയും നാം മനസ്സിലാക്കുന്നുണ്ടോ ഇല്ലയോ എന്നതു തുടക്കത്തിൽ അത്ര പ്രസക്തമല്ല. തുടർന്നുള്ള ജീവിതത്തിൽ യേശുവിനോടു ചേർന്ന് നടക്കുമ്പോഴാണ് രക്ഷയുടെ ആഴങ്ങൾ അധികമധികമായി മനസിലാകുന്നത്.

രക്ഷയുടെ ആദ്യവ്യവസ്ഥ ക്രിസ്തുവിനെ കണ്ടുമുട്ടലാണ്. പ്രാരംഭഘട്ടത്തിൽ വേണ്ടത് ദൈവവുമായി വ്യക്തിപരമായ ഒരു സമാഗമം അഥവാ കൂടിക്കാഴ്ച ആണ്. അതിൽ വളർന്നു വരും തോറും കഷ്ടങ്ങളിലും പ്രതിസന്ധികളിലും ക്രിസ്തുവിനെ ഏറ്റവുമടുത്ത തുണയായി അനുഭവിച്ചറിയുവാൻ കഴിയുന്നു. ഈ വളർച്ചയാണ് വാസ്തവത്തിൽ ആവശ്യം. ഏകസത്യദൈവത്തെയും അവിടുന്നയച്ചിരിക്കുന്നയേശുക്രിസ്തുവിനെയും അറിയുന്നതുതന്നെയാണ് നിത്യജീവൻ. •

# മതത്തിന്റെ സ്വാധീനം

**സാധു സത്യ**

**തു**ടർമാനമായി നടന്നുവരുന്ന ക്രൈസ്തവ പീഡനത്തിന്റെയും നരഹത്യകളുടെയും സീമകൾക്കപ്പുറമാണ് ഇപ്പോൾ നാം കേൾക്കുന്ന കൊടുംക്രൂരതയുടെ വാർത്തകൾ. ഈ അതിക്രമത്തെ നേരിടാനോ സംരക്ഷണം നൽകാനോ ഫലപ്രദമായ നിയമ സംവിധാനങ്ങൾ ഉണ്ടെങ്കിലും നിസംഗത മൂലം അക്രമികൾ സ്വൈര്യമായി വിഹരിക്കുകയാണ്.

മതത്തിന്റെ സ്വാധീനം മനുഷ്യസ്നേഹമാണ് ഒരുവനിൽ ഉളവാക്കേണ്ടത്. എന്നാൽ മതത്തിന്റെ തണൽ സ്വാർത്ഥതയ്ക്കും സ്പർധയ്ക്കും കാരണമാകുമ്പോൾ മനുഷ്യൻ പ്രാകൃതനും വിധ്വംസകനും, കൊലപാതകനും ഒക്കെയായി അധഃപ്പതിക്കുന്നു. മതത്തെ ദൈവീകതയുടെ പരിവേഷത്തിലാണല്ലോ പൊതുലോകം അറിയുന്നത്. ദൈവത്തിങ്കലേക്ക് മനുഷ്യരെ മാടിവിളിക്കുമ്പോൾ തങ്ങൾ വിശ്വസിക്കുന്ന ദൈവസ്വഭാവത്തിന്റെ ഗുണവിശേഷങ്ങളാണ് പഠിപ്പിക്കലിലും പ്രകൃതത്തിലും വെളിപ്പെടുത്തേണ്ടത്. സൗമ്യതയുടെയും, സഹനത്തിന്റെയും, ത്യാഗത്തിന്റെയും വിളനിലമായ നമ്മുടെ കർത്താവിന്റെ സ്വഭാവം ഉൾക്കൊള്ളുകയും ജീവിതത്തിൽ വെളിപ്പെടുത്തുകയും ചെയ്യുന്നതിനാലാണല്ലോ ഇവിടെയൊക്കെ പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾ കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ മിണ്ടാതിരിക്കുന്നത്. അവർക്കുവേണ്ടി സംസാരിക്കുവാനും ആളില്ല.

ഈ ലോകം ഒരു കണ്ണുനീർ താഴ്വര ആണെന്ന് തോന്നിപ്പോകാറില്ലേ? ജ്ഞാനികളിൽ ജ്ഞാനിയും ശക്തനുമായ രാജാവായിരുന്നു ശലോമോൻ. പീഡിതന്മാരുടെ കണ്ണുനീരും അവരെ പീഡിപ്പിക്കുന്ന വ്യക്തികൾ പിടിക്കപ്പെടാതെയും ശിക്ഷിക്കപ്പെടാതെയും പോകുന്നതും ശലോമോനെ വിഷമിപ്പിച്ചു. പ്രശ്നപരിഹാരകരും ആശ്വാസപ്രദരുമായി മാറേണ്ടവർ നോക്കുകുത്തികളായി നിൽക്കുന്നത് കാണുമ്പോൾ നീതിബോധമുള്ളവർ വേദനിക്കുന്നു. മനുഷ്യർ നീതി നടത്തുന്നില്ലെങ്കിൽ എളിയവരുടെ പീഡയും ദരിദ്രന്മാരുടെ ദീർഘശ്വാസവും നിമിത്തം ദൈവം എഴുന്നേൽക്കും. പരമാധികാരിയായ ദൈവമാണ് രാജാധിരാജാവ്. അവിടുന്നാണ് ഭൂമിയിലുള്ള സകല അധികാരികളെയും വാഴിക്കുന്നതും, സിംഹാസനത്തിൽ നിന്ന് താഴെ ഇറക്കുന്നതും. അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്ക് ബോധിച്ചവന് കൊടുക്കുകയും മനുഷ്യരിൽ അധമനായവനെ വാഴിക്കുകയും ചെയ്യുന്നു എന്ന് ജീവനോടെ ഇരിക്കുന്ന എല്ലാവരും അറിയും! പീഡിപ്പിക്കുന്നവർക്ക് അവിടന്ന് പീഡനം നൽകുകയും, പീഡിതരായവർക്ക് ആശ്വാസം പകരം നൽകുകയും ചെയ്യും. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗത്തിൽനിന്ന്, കത്തിജ്വലിക്കുന്ന അഗ്നിയിൽ പ്രത്യക്ഷനാകുമ്പോഴാണ് ഇതു സംഭവിക്കുന്നത്. ദൈവത്തെ അറിയാത്തവരോടും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവരോടും അവിടുന്ന് പ്രതികാരംചെയ്യും. ഇക്കൂട്ടർ കർത്താവിന്റെ സന്നിധിയിൽനിന്നും അവിടത്തെ മഹത്ത്വകരമായ തേജസ്സിൽനിന്നും മാറ്റപ്പെട്ട് നിത്യനാശം എന്ന ശിക്ഷ അനുഭവിക്കും എന്നതാണ് യാഥാർത്ഥ്യം.

പീഡിപ്പിക്കുന്നവർ വെറുതെ വ്യാജവിജയം ആഘോഷിക്കയാണ്. ക്രിസ്തു നിമിത്തം രക്തസാക്ഷികളായി കൊല്ലപ്പെടുന്നവർ വാസ്തവത്തിൽ കഷ്ടതയും വേദനയും വിട്ടകന്ന് ഇമ്പങ്ങൾ മാത്രമുള്ള പറുദീസയിൽ വിജയശ്രീലാളിതരായി എത്തുകയുമാണെന്ന് പീഡകർ അറിയുന്നില്ല. പീഡകർ സ്വയം നരകയോഗ്യരായി മാറുമ്പോൾ നമുക്ക് സഹതാപമാണ് തോന്നേണ്ടത്. ഭീതിയിൽ കഴിയുന്ന ദൈവജനത്തെ ഓർത്ത് നാം പ്രാർത്ഥിക്കുക. ഏതു പീഡയുടെയും പിന്നാലെ അനുകൂലമായ ഒരു ദൈവപ്രവർത്തിയും ദൈവസഭയുടെ വളർച്ചയും ഉണ്ടാകും എന്നതു ചരിത്രസത്യമായതിനാൽ പീഡകർ തേർവാഴ്ച നടത്തുന്ന പ്രദേശങ്ങൾ വൻ കൊയ്ത്തിന്റെ നിലങ്ങളായി മാറ്റപ്പെടാനും നമുക്കു പ്രാർത്ഥിക്കാം. •



അനി ചാക്കോ

# നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട നിധി...!

ഇക്കാലത്തു ക്രിസ്തീയവേലയിൽ വ്യാപൃതരാകുന്നതിനു പലരെയും പ്രേരിപ്പിക്കുന്ന പലവിധ ഘടകങ്ങൾ ഉണ്ട്. ചിലർക്ക് ഒരു ഉപജീവനമാർഗ്ഗം, വേറെ ചിലർക്ക് ധനാഗമ മാർഗ്ഗം, സ്ഥാനമാനങ്ങൾ, പ്രവാചകദൂതിന്റെ സ്വാധീനം, വിദേശവാസം, എന്നിങ്ങനെ നീണ്ടു പോകുന്നു ഈ ലിസ്റ്റ്...നിർഭാഗ്യവശാൽ ഈ മേഖലയിലേയ്ക്ക് തിരിയുന്ന ചിലരുടെയെങ്കിലും ലക്ഷ്യമാണ് മേല്പറഞ്ഞതൊക്കെ. ക്രിസ്ത്യാനിയായി ജീവിച്ചു ദൈവത്തെ ആരാധിക്കുന്നതിനും അവിടുത്തെ വേല ചെയ്യുന്നതിനുമുള്ള ഏക പ്രേരണ ക്രിസ്തുവിനോടുള്ള സ്നേഹ മാണെന്ന് യേശു അരുളിച്ചയ്തിട്ടുണ്ട്.

ദൈവസ്നേഹത്താൽ പ്രചോദിപ്പിക്കപ്പെട്ടു ചെയ്യുന്ന പ്രവർത്തികൾ മാത്രമേ യഥാർത്ഥ ദൈവവേലയായി ദൈവം കണക്കാക്കുന്നുള്ളൂ. ദൈവവിളിയില്ലാത്ത പലരും കർത്താവിന്റെ വയൽ പ്രദേശത്തു സ്വാർത്ഥ താൽപ്പര്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് കയറിക്കൂടിയിട്ടുണ്ട്. മറ്റുള്ളവരിൽ സമ്മർദ്ദം ചെലുത്തിയും, സ്വാധീനിച്ചും, ആത്മീയകാര്യങ്ങൾ നിയന്ത്രിക്കുന്ന വേലക്കാരായി സംഘടനകളാൽ നിയമിക്കപ്പെടുന്നത് ദൈവസ്നേഹത്തിൽ നിന്നല്ലാത്തതിനാൽ തികച്ചും അനുചിതമാണ്. വേർപെട്ട സഭകൾ വിവിധ പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും, ക്രിസ്തുവിന്റെ ശരീരമാണ് സഭ എന്ന തിരിച്ചറിവില്ലാത്തതിനാൽ, മറ്റിതര സഭകളിലുള്ളവരെ സ്നേഹിക്കുവാനോ ഉൾക്കൊള്ളുവാനോ കഴിയാത്തതു ദൈവസ്നേഹം ഇല്ലാത്തതിന്റെ ലക്ഷണം തന്നെയാണ്.

ക്രിസ്തുവിനോടുള്ള സ്നേഹത്താൽ നിർബന്ധിക്കപ്പെട്ടാണോ ഒരു വിശ്വാസി എന്ന നിലയിൽ നാം ആത്മികജീവിതം നയിക്കുന്നത്? ഭയത്താൽ നയിക്കപ്പെടേണ്ട ഒന്നല്ല ക്രിസ്തീയജീവിതം! വിവിധ സന്ദർഭങ്ങളിൽ നടത്തിപ്പുകാരെ വിളിച്ചു പ്രാർത്ഥിപ്പിച്ചില്ലെങ്കിൽ എന്തെങ്കിലും ദോഷം ഭവിക്കുമോ, കഷ്ടനഷ്ടങ്ങൾ നേരിടുമോ, എന്നിങ്ങനെയുള്ള ഭയത്തിൽ നിന്നാണ് ചിലരെങ്കിലും ഇക്കാര്യങ്ങൾ നിവർത്തിക്കുന്നതു. ഇത്തരം പ്രവർത്തികൾ വിശ്വാസത്തിൽ നിന്നോ സ്നേഹത്തിൽ നിന്നോ അല്ല എന്നതാണ് ഏറ്റവും ദു:ഖകരമായ സത്യം.

സ്വജീവനെപ്പോലും സ്നേഹിക്കാതെ കർത്താവിനെ മാത്രം സ്നേഹിക്കുന്ന ഒരു ഹൃദയം നമുക്കുണ്ടെങ്കിൽ ഒറ്റപ്പെടുത്തലിനോ ആക്രമണത്തിനോ ഒന്നിനും നമ്മെ ഭയപ്പെടുത്താൻ കഴിയില്ല. എന്റെ ജീവനെ ഞാൻ വിലപ്പെട്ടതായി കണക്കാക്കുന്നില്ല എന്നതായിരുന്നുവല്ലോ പൗലോസിന്റെ മനോഭാവം. മരണത്തെ ഭയപ്പെടാത്തവരും സ്വജീവനെ സ്നേഹിക്കാത്തവരും ആരെയും ഒന്നിനെയും ഭയപ്പെടുന്നില്ല. ഈ ലോകത്തിലെ ഒന്നിനും ദൈവത്തെ സ്നേഹിക്കുന്നതിൽ നിന്നു അവരെ പിന്തിരിപ്പിക്കുവാനോ ഭീഷണിപ്പെടുത്താനോ കഴിയില്ല. പണമില്ലെങ്കിലും, നല്ല ജോലിയില്ലെങ്കിലും, മെച്ചപ്പെട്ട ജീവിതമില്ലെങ്കിലും അവർ ഭയപ്പെടുന്നില്ല. അതായതു കർത്താവിനെ സ്നേഹിക്കുന്നവരുടെ ജീവിതസാഹചര്യങ്ങൾക്ക് ഏറ്റക്കുറച്ചിലുകളു

ണ്ടായാലും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും അവരെ ആർക്കും അകറ്റുവാൻ കഴിയില്ല എന്നതാണ് സത്യം. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കുന്നവർക്കാണ് ഞാൻ നിന്നെ ഒരുനാളും ഉപേക്ഷിക്കുകയും കൈവിടുകയുമില്ല എന്ന വാഗ്ദത്തം ദൈവം നൽകിയിരിക്കുന്നത് (എബ്രായർ 13:5)

'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കണം എന്നും, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്നുമുള്ളത് ദൈവകൽപ്പനകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ദൈവവേല ചെയ്യുന്നവർക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തതും നിർബന്ധമായി ഉണ്ടായിരിക്കേണ്ടതുമായ ഒന്നാണ് ദൈവസ്നേഹം. യേശു, തന്റെ പ്രിയ ശിഷ്യനായ പത്രോസിനോട് നീ എന്നെ സ്നേഹിക്കുന്നുവോ എന്നു മൂന്നു പ്രാവശ്യം ചോദിക്കുന്നുണ്ട്. ഓരോ പ്രാവശ്യവും സ്നേഹിക്കുന്നു എന്ന് താൻ പ്രതിവചിച്ചപ്പോൾ വ്യത്യസ്ത ശുശ്രൂഷകളുടെ ഉത്തരവാദിത്വം പത്രോസിനെ യേശു ഭരമേൽപ്പിക്കുന്നു. ഇതാണ് ദൈവവേല ചെയ്യുവാൻ വേണ്ട അടിസ്ഥാന യോഗ്യത. മനുഷ്യരെയും ദൈവത്തെയും സ്നേഹിക്കാത്ത ഒരാൾക്കും ഈ വേല ചെയ്തെടുക്കുവാൻ കഴിയുകയില്ല എന്നതാണ് യാഥാർത്ഥ്യം.

1 കൊരിന്ത്യർ 13 ൽ പറയുന്നത് പോലെ ദൈവസ്നേഹം ഇല്ലാതെ തന്നെ ഒരുവനു വേണമെങ്കിൽ തനിക്ക് ഉള്ളതെല്ലാം മറ്റുള്ളവർക്ക് കൊടുക്കാനോ, സ്വയത്യാഗം ചെയ്യാനോ കഴിഞ്ഞേക്കാം. എന്നാൽ ദൈവദൃഷ്ടിയിൽ ദൈവത്തോടും, മനുഷ്യനോടും നിസ്വാർത്ഥമായ സ്നേഹമില്ലാതെ ചെയ്യുന്ന പ്രവർത്തികളെ സത്പ്രവൃത്തികൾ എന്ന് വിളിക്കുവാൻ കഴിയില്ല. അത് കേവലം മാനുഷികദൃഷ്ടിയിൽ നീതിപ്രവർത്തികൾ മാത്രമായി എണ്ണപ്പെടുന്നു. പ്രവചിക്കാനുള്ള കൃപാദാനം ലഭിച്ചാലും, സകലദിവ്യരഹസ്യങ്ങളും സകലജ്ഞാനവും ഗ്രഹിക്കാൻ കഴിഞ്ഞാലും, മലകളെ നീക്കംചെയ്യാൻ കഴിയുന്ന വിശ്വാസം ഉണ്ടായിരുന്നാലും സ്നേഹമില്ലെങ്കിൽ നാമാരും ഒന്നുമല്ല. സമ്പത്തെല്ലാം ദാനം ചെയ്താലും സ്നേഹമില്ലാതെയാണ് ചെയ്യുന്നതെങ്കിൽ ഒരു പ്രയോജനവുമില്ല എന്നതാണ് യാഥാർഥ്യം.

**സ്വന്തജനം എന്ന് വിശേഷിപ്പിച്ചിരുന്ന യഹൂദന്മാരുടെ ഉള്ളിൽ ദൈവ സ്നേഹം ഒട്ടും ഇല്ലായിരുന്നു എന്ന് അവരുടെ സംസാരത്തിൽ നിന്നും, പ്രവർത്തിയിൽ നിന്നും നമുക്കും മനസിലാക്കാം.**

എല്ലാ ശബത്തിലും പള്ളിയിൽ പോയിരുന്ന, തങ്ങൾ അബ്രഹാമിന്റെ മക്കളാണെന്നുള്ള അഭിമാനത്തോടെ കഴിഞ്ഞിരുന്നവരോടാണ് ദൈവസ്നേഹം നിങ്ങളുടെയുള്ളിൽ ഇല്ലായെന്ന് യേശു പറഞ്ഞത്. 'എന്നാൽ നിങ്ങൾക്ക് ഉള്ളിൽ ദൈവസ്നേഹം ഇല്ല എന്നു ഞാൻ അറിഞ്ഞിരിക്കുന്നു'( യോഹന്നാൻ 5: 42 ).

എല്ലാ മനുഷ്യരുടെയും ഹൃദയത്തിന്റെയുള്ളിലെ ചിന്തകൾ കർത്താവ് വാസ്തവമായും അറിഞ്ഞിരുന്നു. സ്വന്തജനം എന്ന് വിശേഷിപ്പിച്ചിരുന്ന യഹൂദന്മാരുടെ ഉള്ളിൽ ദൈവസ്നേഹം ഒട്ടും ഇല്ലായിരുന്നു എന്ന് അവരുടെ സംസാരത്തിൽ നിന്നും, പ്രവർത്തിയിൽ നിന്നും നമുക്കും മനസിലാക്കാം. അവർ ദൈവത്തെ സ്നേഹിച്ചിരുന്നെങ്കിൽ തീർച്ചയായും ക്രിസ്തുവിനെയും തന്റെ ശിഷ്യന്മാരെയും സ്നേഹിക്കുമായിരുന്നു. ക്രിസ്തുവിനോടുള്ള അവരുടെ വിദ്വേഷം ദൈവത്തോടുള്ള വിദ്വേഷത്തെയും ദൈവസ്നേഹത്തിന്റെ അഭാവത്തെയും വെളിവാക്കുന്നു. ഇക്കാര്യത്തെക്കുറിച്ചു അവരോട് ചോദിച്ചിരുന്നെങ്കിൽ തങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് അവർ പറയുമായിരുന്നില്ലേ? വാസ്തവത്തിൽ ദൈവത്തെ സ്നേഹിച്ചിരുന്നുവെന്ന് അവർ വൃഥാ വിശ്വസിച്ചിരിക്കാം.

സഭയ്ക്കകത്തും പുറത്തും ഉള്ള അധർമ്മം കാരണം പല ക്രിസ്ത്യാനികളുടെയും സ്നേഹം തണുത്തുപോയിരിക്കുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിൽ തീക്ഷ്ണത കാണിക്കുന്ന, സഹിച്ചു നിൽക്കുന്ന ചുരുക്കം ചിലർ മാത്രമേ അവസാനം വരെ കാണുകയുള്ളു. അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ എന്ന് യേശു പറഞ്ഞിട്ടുണ്ടല്ലോ. ദൈവസ്നേഹം വിട്ടുകളഞ്ഞു ജീവിച്ചാൽ സകലവും നഷ്ടമാകും. സ്നേഹമില്ല എങ്കിൽ നാം ഏതുമില്ല! നമ്മിലുണ്ടായിരുന്ന ദൈവ സ്നേഹം തണുത്തുപോവുകയോ വിട്ടുകളയുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആദ്യ സ്നേഹത്തിലേയ്ക്ക് മടങ്ങി വരുവാൻ ദൈവം സഹായിക്കട്ടെ. •


ജെസ്സി സാജു



# വിദ്യാഭ്യാസത്തിൽ അമ്മമാരുടെ പങ്ക്

**കു**ഞ്ഞിന് ജന്മം കൊടുത്തതു കൊണ്ടു മാത്രം ഒരുവളുടെ മാതൃത്വം വേണ്ടും വണ്ണം വികസിക്കുന്നില്ല. മാതൃത്വം വളർന്നു വികസിക്കണമെങ്കിൽ കുഞ്ഞിന്റെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലുമുള്ള വൈഷമ്യവും ത്യാഗവും സന്തോഷവും അമ്മ അനുഭവിക്കുക കൂടി ചെയ്യേണ്ടതുണ്ട്. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത വിഷമതകൾ ആയി രിക്കും അമ്മയ്ക്ക് നേരിടേണ്ടി വരുന്നത്. ഏതാണ്ട് മൂന്നര വയസ്സിലാരംഭിക്കുന്ന വിദ്യാ ഭ്യാസം ഒരു തുടർപ്രക്രിയയാണ്. ഈ ലക്ക ത്തിൽ നമുക്ക് അതേക്കുറിച്ചു ചിന്തിക്കാം.

'എഡ്യൂക്കേഷൻ' എന്ന പദം 'എഡ്യുകെയർ' എന്ന ലാറ്റിൻ പദത്തിൽ നിന്നു ഉണ്ടായതാണ്. 'പുറത്തേക്കു കൊണ്ടു വരിക' എന്നാണിതിനർത്ഥം. ഒരുവന്റെ ഉള്ളിലുള്ള നന്മ, വെളിച്ചം, കഴിവ് ഒക്കെ പുറത്തുകൊണ്ടുവരേണ്ടതിനാണ് വിദ്യാഭ്യാസം. എന്നാലിന്ന് വിദ്യാഭ്യാസമേഖലയെ ഭരിക്കുന്നത് മറ്റെന്തൊക്കെയോ ആണ്. മത്സരത്തിലധിഷ്ഠിതമാണ് ഇന്നത്തെ വിദ്യാഭ്യാസം. പവിത്രമായ മൂല്യങ്ങൾ അപ്രസക്തമായി! ദൈനംദിന ജീവിതവുമായി ബന്ധമില്ലാത്ത വിഷയങ്ങൾ! 'അപരിചിത' ഭാഷയിൽ പഠിക്കാൻ വിധിക്കപ്പെട്ട കുരുന്നുകൾ! അതവരുടെ അഭിരുചിക്കനുസൃതമോ എന്ന് അധികൃതർ പോലും ചിന്തിക്കുന്നില്ല. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്ന കാലം!

എന്തൊക്കെയോ മനഃപാഠമാക്കിയത് പരീക്ഷാ പേപ്പറിലേക്ക് എഴുതുന്നു. അതിന് മാർക്കിട്ടു 'മിടുക്കനും' 'മിടുക്കി'യും ആക്കുന്നു! ഇവിടെയാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി. എന്താണ് സുപ്രധാനമായ മൂല്യം? സ്നേഹിക്കുക: മനുഷ്യരെ സ്നേഹിക്കുക, പ്രകൃതിയെ സ്നേഹിക്കുക, ജീവജാലങ്ങളെ സ്നേഹിക്കുക. ജീവിതത്തെ താങ്ങിനിർത്തുന്നതു തന്നെ സ്നേഹമാണല്ലോ. അന്യന്റെ ദുഃഖങ്ങളിൽ ദുഃഖിക്കാനും അവന്റെ ആനന്ദത്തിൽ ആഹ്ലാദിക്കാനും, അന്യരിലേക്ക് കരുണയുടെ കരങ്ങൾ നീട്ടാനും പ്രചോദനമാകുന്നത് നമ്മിലുയരുന്ന സ്നേഹമാണ്. പുസ്തകത്താളുകളിൽ സ്നേഹം കുറിച്ചുവച്ചിട്ടുണ്ടോ? ഒരിക്കലുമില്ല. എങ്കിൽ, അവരുടെ നാവിൽ ആദ്യം എഴുതേണ്ടത് സ്നേഹത്തിന്റെ അക്ഷരമാലയാണ്."

എന്റെ വിദ്യാഭ്യാസം കോട്ടയം ബേക്കർ മെമ്മോറിയൽ സ്കൂളിലായിരുന്നു. വിദേശികളായ, ചർച്ച് മിഷൻ സൊസൈറ്റി (സി.എം. എസ്) മിഷനറിമാരാൽ സ്ഥാപിതമായതാണത്. ഇന്നും തലയുയർത്തി നിൽക്കുന്നു ഈ സ്ഥാപനം. പ്രേഷിത പ്രവർത്തനത്തിനായി അവർ ഇന്ത്യയിലെത്തിയപ്പോൾ നമ്മുടെ കൊച്ചുകേരളത്തിലെ കോട്ടയം താലൂക്ക് തിരഞ്ഞെടുത്തത് എനിക്ക് പിന്നീട് ഉപകാരമായി. ഉപരിപഠനത്തിനായി സി.എം.എസ് കോളജും സ്ഥാപിതമായി. അവിടെയായിരുന്നു എന്റെ തുടർ പഠനം. വിദേശികൾക്ക് വേണമെങ്കിൽ അവരുടെ ഭാഷയായ ഇംഗ്ലീഷിൽ, ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കാമായിരുന്നു. പക്ഷേ അവർ വിശ്വസിച്ചത് ഏതു കുട്ടിയും അവന്റെ മാതൃഭാഷയിൽ, 4-ാം ക്ലാസ്സ് വരെയെങ്കിലും, എഴുത്തും വായനയും നിർബന്ധമായും പഠി ക്കണം എന്നാണ്. വിദേശഭാഷ അഞ്ചാം ക്ലാസ്സു മുതൽ തുടങ്ങാം. ഇന്ന് ചില മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്കു മലയാളം അറിയില്ല എന്ന് പറയുന്നതിൽ അഭിമാനിക്കുമ്പോൾ, അടിസ്ഥാനം

ചിട്ടപ്പെടുത്തേണ്ടത് മാതൃഭാഷയിൽ ആയിരിക്കണം എന്ന നിർബന്ധം അവർക്കുണ്ടാ യിരുന്നതിനാൽ 4-ാം ക്ലാസ്സ് വരെ അവിടെ ഇംഗ്ലീഷ് മീഡിയം ഇല്ലായിരുന്നു.

ദൈവവചനപഠനത്തിനും, പ്രഘോഷണത്തിനും ധ്യാനത്തിനും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മൂല്യാധിഷ്ഠിത ജീവിതത്തിനായിരുന്നു പ്രാധാന്യം. നൂറുകണക്കിന് ഗാനങ്ങളടങ്ങുന്ന പാട്ടുപുസ്തകം നിർബന്ധമായും ക്ലാസ്സിൽ കൊണ്ടുവരണമായിരുന്നു. അതിലെ പാട്ടുകൾ പാടി, ബൈബിൾ വായിച്ച് ധ്യാനിച്ച്, ദൈവവചന കേൾവിയും കഴിഞ്ഞ്, പ്രാർത്ഥിച്ച് ക്ലാസ്സുകളിലേക്കു പോകുമ്പോൾ, യേശു ഉള്ളിൽ നിറയുന്ന അനുഭവമായിരുന്നു.

യേശു എന്ന ഗുരുവിനെ നമുക്കൊരു നിമിഷം ശ്രദ്ധിക്കാം. സ്നാപക യോഹന്നാൻ യേശു എന്ന ഗുരുവിനെ പരിചയപ്പെടുത്തുന്നത് "ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ്. ശിഷ്യർ യേശുവിന്റെ പിന്നാലെ കൂടി. "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" ഗുരുവിന്റെ ചോദ്യം. അവർ വിനയപൂർവ്വം ചോദിച്ചു, ''അങ്ങ് എവിടെ പാർക്കുന്നു?'' യേശുവിന്റെ മറുപടി "വന്നു കാണുവിൻ". പിന്നെ അവർ യേശുവിന്റെ കൂടെ സമയം ചിലവഴിച്ചു. പിന്നീടവർ പറയുന്നു ''ഞങ്ങൾ മശിഹയെ, ക്രിസ്തുവിനെ കണ്ടെത്തി.'' ഒരു രാത്രി! അല്ലെങ്കിൽ ഒരു ദിവസം! യേശുവിനോടൊപ്പമുള്ള ഒരു സഹവാസം അവരുടെ ജീവിതം മാറ്റിമറിച്ചു. ഒരു യഥാർത്ഥ ഗുരുവിന്റെ ചിത്രമാണ് നാമിവിടെ ദർശിക്കുന്നത്.

'ഗുരുകുല വിദ്യാഭ്യാസം' ഇന്ന് പാടേ അപ്രത്യക്ഷമായി. ഗുരുവിനൊപ്പം ശിഷ്യർ പാർക്കുക; ഗുരുവിന്റെ വാക്ക് അനുസരിക്കുക, ജീവിതം അനുകരിക്കുക. ഗുരുവിന്റെ സ്വാധീനം ശിഷ്യന്റെ ജീവിതത്തിൽ രൂപാന്തരം വരുത്തും... ഒരിക്കൽ ഈ ശിഷ്യർ ഗുരുവിനെപ്പോലെ ആയിത്തീരും. യഥാർത്ഥത്തിൽ 'വിദ്യാഭ്യാസം' കൊണ്ടും ഇതു തന്നെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇന്ന് ഈ രീതി പ്രായോഗികമല്ല.... കാലങ്ങൾ മാറിമറിയുകയാണ്. ജോലിക്ക് പോകുന്ന മാതാപിതാക്കൾ മക്കളെ ആയമാരുടെ അടുത്തോ, ഡേകെയറിലോ, ആക്കുന്നു. എപ്പോഴും തിരക്കോടു തിരക്ക്. എല്ലാ തിരക്കും ഒഴിഞ്ഞാലും മക്കളെ ശ്രദ്ധിക്കാനോ, അവരോടൊത്തു സമയം ചിലവഴിക്കാനോ നേരമില്ല. സ്കൂളിൽ നിന്നും തിരികെ വരുന്ന കുഞ്ഞിന് നിങ്ങളോട് ഒത്തിരി കാര്യം പറയാനുണ്ട്. അവരുടെ കൊഞ്ചലും വർത്തമാനവും പരാതിയും ഒന്നും കേൾക്കാൻ മാതാപിതാക്കൾ താല്പര്യം കാണിക്കുന്നില്ല. 'സംസാരം' നന്നേ കുറയുന്നത് ഈ കാലഘട്ടത്തിന്റെ ഒരു 'ശാപം' ആയി മാറി.

കുഞ്ഞുങ്ങളെ കേൾക്കാൻ മാതാപിതാക്കൾക്കു നേരമില്ലാത്തതുകൊണ്ട് കളിപ്പാട്ടങ്ങളാണ് അവരുടെ സമയം കവരുന്നത്. ഇന്നു 'ടെക്നോളജി വളർന്നതു'കൊണ്ട് വീഡിയോഗെയിമും സ്മാർട്ട്ഫോണും, ഐപാഡും ഒക്കെ കുഞ്ഞുങ്ങൾക്ക് വാങ്ങിക്കൊടുത്ത് 'ശല്യം' ഒഴിവാക്കാനാണ് മാതാപിതാക്കൾ ശ്രമിക്കുന്നത്. എന്റെ സുഹൃത്ത് ഡോ. ഗീത പറഞ്ഞു: "കോടികൾ, ലക്ഷങ്ങൾ ഒക്കെ വേണമെങ്കിൽ നമുക്ക് സമ്പാദിക്കാം. എങ്കിൽ പണം മാത്രമാവും അവശേഷിക്കുന്നത്. മക്കൾ നമ്മോടൊപ്പം കാണണമെന്നില്ല. അതുകൊണ്ട് കുഞ്ഞുങ്ങൾ ജനിച്ചപ്പോൾത്തന്നെ ഞങ്ങൾ യോജിച്ച് ഒരു തീരുമാനം എടുത്തു... ഹോസ്പിറ്റൽ മാനേജ്മെന്റ് എത്ര ലക്ഷം തന്ന് പ്രലോഭിപ്പിച്ചാലും... ഉച്ചവരെ മാത്രം ജോലി ചെയ്യും. ഉച്ചകഴിഞ്ഞ് കുട്ടികൾ സ്കൂളിൽ നിന്ന് വന്നു കഴിഞ്ഞാൽ, അവരോടൊപ്പം ആണ് ബാക്കിസമയം.

കരയുന്ന കുഞ്ഞിനെ ആശ്വസിപ്പിച്ച് ലാളിക്കാൻ മാതാവടുത്തുണ്ടായിരുന്നെങ്കിൽ, പിന്നീട് അവരെ ഓർത്ത് വിലപിക്കേണ്ടി വരികയില്ല. തീരെ ചെറിയ പ്രായത്തിൽ, അതായത് രണ്ടും മൂന്നും വയസ്സു പ്രായത്തിൽ സ്മാർട്ട്ഫോണും ടാബും ഉപയോഗിക്കാനവർ പഠിക്കുന്നു. അവർക്ക് അതിലാണ് ഹരം. മുറ്റത്തും തൊടിയിലും ഓടിക്കളിക്കാൻ അവർക്കറിയില്ലല്ലോ. വീടിനുള്ളിൽ മാത്രം ഒതുങ്ങുന്നു കുഞ്ഞുങ്ങളുടെ ജീവിതം!

കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേയ്ക്ക് ചുവടു മാറിയപ്പോൾ, അമ്മമാരുടെ ഉത്തരവാദിത്തം വർധിച്ചിട്ടുണ്ട്. വിശേഷിച്ചും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ...അധികപങ്ക് പിതാക്കന്മാരും ഉപജീവനകാര്യങ്ങളിൽ അമ്മമാരേക്കാൾ കൂടുതൽ സമയം ചിലവഴിക്കേണ്ടി വരുന്നതും ഇതിന്റെ ഒരു കാരണമാണ്. എന്നിരുന്നാലും അമ്മമാർക്കാണ് കുഞ്ഞുങ്ങളിൽ അധികം സ്വാധീനം ചെലുത്തുവാൻ കഴിയുന്നത്, എന്നതിനാൽ ഈ ഉത്തരവാദിത്തം ഉത്സാഹത്തോടെ ചെയ്യുമ്പോൾ മക്കൾ അനുഗ്രഹീതരായി മാറും. •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# വഴി തെറ്റരുത്; വഴി തെറ്റിക്കരുത്

*'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ചവരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന്. ഇടർച്ച ഹേതുവായി ലോകത്തിന് അയ്യോ കഷ്ടം; ഇടർച്ച വരുന്നത് ആവശ്യം തന്നെ; എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യന് അയ്യോ കഷ്ടം.നിന്റെ കൈയോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞുകളക; രണ്ടു കൈയും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നതു നിനക്കു നന്ന്. നിന്റെ കണ്ണ് നിനക്ക് ഇടർച്ച ആയാൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക; രണ്ടു കണ്ണുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനെക്കാൾ ഒറ്റക്കണ്ണനായി ജീവനിൽ കടക്കുന്നതു നിനക്കു നന്ന്. ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യന് നൂറ് ആട് ഉണ്ട് എന്നിരിക്കട്ടെ; അവയിൽ ഒന്ന് തെറ്റി ഉഴന്നുപോയാൽ തൊണ്ണൂറ്റൊമ്പതിനെയും വിട്ടേച്ചു തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ? അതിനെ കണ്ടെത്തിയാൽ തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിലും അധികം അതിനെക്കുറിച്ചു സന്തോഷിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. അങ്ങനെ തന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല'     (മത്തായി 18: 6-14)*

യേശുകർത്താവിൽ വിശ്വസിക്കുന്ന ഒരുവനു പോലും ഇടർച്ച വരുത്തരുതെന്നുള്ള ശക്തമായ താക്കീതാണ് കർത്താവ് നൽകുന്നത്. 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയൊരു തിരിക്കല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന്' എന്നു കർത്താവ് അരുളിച്ചെയ്തതു എത്ര ഗൗരവമേറിയതാണ്. ശിക്ഷയുടെ വലിപ്പം തെറ്റിന്റെ വലിപ്പത്തെയാണ് കാണിക്കുന്നത്.

ഇടർച്ച വരുത്തരുതെന്ന പ്രയോഗത്തിന്റെ അർത്ഥം പാപം ചെയ്യുവാനുള്ള ദുഷ്പ്രേരണ നൽകി വഴിതെറ്റിക്കരുത് എന്നാണ്. കർത്താവിൽ വിശ്വസിക്കുന്ന ചെറിയവരിൽ ഒരുവനെപ്പോലും വഴിതെറ്റിക്കുന്നതും ആ വ്യക്തിയുടെ ആത്മീക

വളർച്ചയ്ക്ക് തടസ്സമായിത്തീരുന്നതും വലിയ ദോഷമാണ്. മാനുഷികമായി ചെറിയവൻ എന്നു പരിഗണിക്കുന്ന വ്യക്തി ദൈവത്തിന്റെ കണ്ണിൽ വളരെ വിലയുള്ളവനാണ്. ദൈവത്തിന്റെ പ്രത്യേക ശ്രദ്ധയും കരുതലും ആ വ്യക്തിക്കുണ്ട്. കർത്താവ് അരുളിച്ചെയ്തത് ശ്രദ്ധിക്കുക: 'ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളുവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്ന് ഞാൻ നിങ്ങളോട് പറയുന്നു .

**നാം നമ്മെത്തന്നെ സൂക്ഷിക്കുന്നില്ല എങ്കിൽ ആർക്കും നമ്മെ സൂക്ഷിക്കുവാൻ കഴിയുകയില്ല. നാം വഴി തെറ്റരുത്, മറ്റാരും വഴിതെറ്റുന്നതിന് കാരണം ആവുകയും അരുത്.**

ഇടർച്ച വരുത്തുക അഥവാ പാപം ചെയ്യുവാനുള്ള ദുഷ്പ്രേരണ നൽകുക എന്നത് ആര്ചെയ്താലും അവർ സ്വയം വഴിതെറ്റുകയാണ്. സ്വയം സൂക്ഷിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ് നാം ഓരോരുത്തരും. നാം നമ്മെത്തന്നെ സൂക്ഷിക്കുന്നില്ല എങ്കിൽ ആർക്കും നമ്മെ സൂക്ഷിക്കുവാൻ കഴിയുകയില്ല. നാം വഴി തെറ്റരുത്, മറ്റാരും വഴിതെറ്റുന്നതിന് കാരണം ആവുകയും അരുത്.

കർത്താവ് ഇതു പറയുന്ന പശ്ചാത്തലം മനസ്സിലാക്കുവാൻ നമുക്ക് ശ്രമിക്കാം. 'സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര്' എന്ന ചോദ്യത്തിന് മറുപടിയായി ഒരു ചെറിയ കുട്ടിയെ വിളിച്ച് അവരുടെ നടുവിൽ നിർത്തി നൽകുന്ന ഉപദേശങ്ങളാണ് നമ്മുടെ ചർച്ചാവിഷയം.

വലിയവൻ ആകുവാനുള്ള ആഗ്രഹവും വലിമയുടെ ഭാവവും ഒരുമിച്ച് ഉണ്ടാകുന്നവയാണ്. ഇത് അഹങ്കാരത്തിന്റെ വിത്താണ്. മറ്റുള്ളവരെ തന്നെക്കാൾ കുറച്ച് കാണുവാനുള്ള ആഗ്രഹമാണല്ലോ അത്. മറ്റുള്ളവരുടെ മേൽ ആധിപത്യം ഉറപ്പിക്കുവാനുള്ള ചിന്തയാണ് വാസ്തവത്തിൽ ഉണ്ടാകുന്നത്. മത്സരജീവിതത്തിന്റെ അടിസ്ഥാനമാണ് ഈ ചിന്ത. നിഗളം അഥവാ അഹങ്കാരമാണ് പിശാചിന്റെ പാപമായി പറഞ്ഞിരിക്കുന്നത് (1 തിമോഥെയോസ് 3: 6). ദൈവം നിഗളികളോടു എതിർത്ത് നിൽക്കുന്നു, താഴ്മ ഉള്ളവർക്ക് കൃപ നൽകുന്നു എന്നാണ് തിരുവചനം. നിഗളം ദൈവത്തോടുള്ള മത്സരം ആയിരിക്കുന്നതിനാൽ നിഗളവുമായി ബന്ധപ്പെട്ടുള്ളതെല്ലാം ദൈവംവെറുക്കുന്നതാണ്.

സഭയ്ക്കുള്ളിൽ 'വലിയവനാവുക എന്ന ചിന്ത ഒരുവനിൽ പ്രബലപ്പെടുമ്പോൾ ആ ചിന്തയോട് കൂടിയുള്ള ജീവിതവും പ്രവർത്തനവും ആണ് ആ വ്യക്തി ചെയ്യുക. അത് ആ വ്യക്തിയെ 'ക്രിസ്തുവിനോട് അനുരൂപപ്പെടുക എന്ന ലക്ഷ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നു. ഒരു പിന്മാറ്റക്കാരനായി ആ വ്യക്തി അധഃപ്പതിച്ചിരിക്കുന്നു എന്നതാണ് വാസ്തവം. തന്റെ ഒപ്പം മറ്റുള്ളവരെ നിർത്തുവാൻ ഉള്ള ഈ വ്യക്തിയുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ ക്രിസ്തുവിൽ നിന്ന് അകറ്റുന്നതിന് മുഖാന്തരമായിത്തീരും. വിഭാഗീയ ചിന്തകൾ വളരുന്നതും ഗ്രൂപ്പുകൾ രൂപപ്പെടുന്നതും തൽഫലമായിട്ടാണ്. ഈ കുത്തൊഴുക്കുകളിൽ പെട്ട് അനേകർ നശിച്ചു പോകുന്നു. 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയൊരു തിരിക്കല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന് എന്ന മുന്നറിയിപ്പ് കർത്താവ് നൽകിയിരിക്കുന്നു. തിരിഞ്ഞു ശിശുക്കളെ പോലെ ആയിത്തീരുന്നവർ അഥവാ മനസ്സ് പുതുക്കി രൂപാന്തരപ്പെടുന്നവർക്ക് മാത്രമേ ആത്മീയ ജീവിതത്തിൽ വളരുവാൻ കഴിയൂ. വലിമയുടെ ഭാവം ഉപേക്ഷിച്ച് താഴ്മയുടെ ഭാവം ധരിച്ച് വളരുന്നവരെയാണ് ദൈവം തന്റെ രാജ്യത്തിൽ വലിയവരാക്കുന്നത്. ദൈവത്തിൽ നിന്നും ലഭിക്കുന്ന ഉയർച്ചയും മാനവും ആണ് യഥാർത്ഥമായത്.

ഈ ലോകം ഇടർച്ചകളാൽ അഥവാ പ്രലോഭനങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഇടർച്ച ഹേതുവായി ലോകത്തിന് അയ്യോ കഷ്ടം എന്നാണ് കർത്താവ് അരുളിച്ചെയ്യുന്നത്. കാരണം ലോകം ഇടർച്ചയ്ക്ക് ഹേതുവാണ്, ലോകം അതിലെ ജനങ്ങളെ പാപം ചെയ്യുവാൻ പ്രലോഭിപ്പിക്കുന്നു. അതുകൊണ്ട് വലിയ ദുരിതങ്ങളാണ് ലോകത്തെ കാത്തിരിക്കുന്നതെന്നു കർത്താവ് മുന്നറിയിപ്പ് നൽകുന്നു. എന്നാൽ 'സഭ അങ്ങനെ ആകരുത്. സഭയ്ക്കുള്ളിൽ പ്രലോഭനങ്ങൾക്ക് സ്ഥാനം ഉണ്ടാകരുത്. പാപം ചെയ്യുവാനുള്ള സാഹചര്യങ്ങൾ അല്ല, പ്രത്യുത പാപത്തെ വെറുക്കുവാനു

ള്ള ആത്മവീര്യമാണ് സഭക്കുള്ളിൽ ജനം പ്രാപിക്കേണ്ടത്. അതുകൊണ്ട് ലോകത്തോടനുരൂപപ്പെടാതെ ജീവിക്കുവാൻ ഓരോ വിശ്വാസിയും കരുതലുള്ളവരാവുകയും, അപ്രകാരം അവരെ സംരക്ഷിക്കുന്നതിന് സഭയ്ക്കുള്ളിലുള്ള ആത്മീയ ശുശ്രൂഷകൾ പ്രയോജനപ്പെടുകയും വേണം. വഴിതെറ്റിപ്പോകുവാൻ (പാപം ചെയ്യുവാൻ) കാരണമായി ആരു തീർന്നാലും വലിയ ദുരിതമാണ് അവരെ കാത്തിരിക്കുന്നത്.

ഓരോരുത്തരും സ്വയപരിശോധന നടത്തണം.'നിന്റെ കയ്യോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞു കളയുക, രണ്ട് കൈയും രണ്ട് കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനേക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്ക് നന്ന്'. എന്താണ് കർത്താവ് അർത്ഥമാക്കുന്നത്? നിത്യജീവനിൽ കടക്കുക എന്നതാണ് നമുക്ക് പരമപ്രധാനം. ഈ ഭൂമിയിലെ താൽക്കാലിക ജീവിതത്തിന്റെ ആസ്വാദനം അല്ല, പ്രത്യുത നിത്യജീവൻ പ്രാപിച്ച് ദൈവത്തോട് കൂടിയുള്ള വാസമാണ് നമ്മുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം. അവിടുത്തെ ലാഭത്തിനുവേണ്ടി ഇവിടെ നഷ്ടം സഹിക്കുവാൻ നാം തയ്യാറാകണം. കണ്ണും കയ്യും കാലും ഒക്കെ ശരീരത്തിന് എത്ര പ്രധാനപ്പെട്ട അവയവങ്ങൾ ആണ്. അതുപോലെ പ്രധാനപ്പെട്ടതും വിലയുള്ളതുമായ എന്തെങ്കിലും നമ്മുടെ ആത്മീയ ജീവിതത്തിന് തടസ്സമായിരിക്കുന്നു എങ്കിൽ അഥവാ പാപഹേതുവായിത്തീരും എങ്കിൽ അതിനെ ഉപേക്ഷിക്കണം. നിത്യജീവൻ മാത്രം അതിപ്രധാനമായി കാണുക.

ദൈവം ഓരോ വ്യക്തിക്കും കൊടുക്കുന്ന പ്രാധാന്യതയും വിലയും നാം മനസ്സിലാക്കണം. ആരും നശിച്ചു പോകുന്നത് ദൈവത്തിന് ഇഷ്ടമല്ല. അതിനാൽ വഴിതെറ്റുന്നവരും മറ്റുള്ളവരെ വഴിതെറ്റിക്കുന്നവരുമായി ആരും ആകരുത് എന്ന് കർത്താവ് ആഗ്രഹിക്കുന്നു. 100 ആടുകളിൽ ഒന്ന് വഴിതെറ്റിപ്പോയാൽ അതിനെ കണ്ടെത്തുവാൻ ഇടയൻ കാണിക്കുന്ന വ്യഗ്രതയും പ്രയത്നവും എത്ര വലുതാണ്! ആ ഒരു ആട് നശിക്കുവാൻ ഇടയൻ ആഗ്രഹിക്കുന്നില്ല എന്നതുപോലെ കർത്താവും ചെറിയവരിൽ ഒരുത്തൻ പോലും, ഒരു ചെറിയ കുട്ടി പോലും നശിച്ചു പോകുവാൻ ആഗ്രഹിക്കുന്നില്ല. ഒരുവന്റെ നാശം ദൈവത്തിന് വളരെ വേദനാജനകമാണ്. അതുകൊണ്ട് മറ്റൊരുവൻ പിന്മാറി പോകുന്നതിനും കർത്താവിൽ നിന്നകന്നു പോകുന്നതിനും ആരും കാരണം ആകരുത്.

**നിത്യജീവനിൽ കടക്കുക എന്നതാണ് നമുക്ക് പരമപ്രധാനം. ഈ ഭൂമിയിലെ താൽക്കാലിക ജീവിതത്തിന്റെ ആസ്വാദനം അല്ല, പ്രത്യുത നിത്യജീവൻ പ്രാപിച്ച് ദൈവത്തോട് കൂടിയുള്ള വാസമാണ് നമ്മുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം.**

ഈ വിഷയത്തിൽ കർത്താവ് പൗലോസ് അപ്പോസ്തലനിലൂടെ സഭയ്ക്ക് നൽകുന്ന ഉപദേശങ്ങൾ ചേർത്തു ചിന്തിക്കാം. ഇടർച്ചയാകുന്ന വിഷയം ഏതാണെങ്കിലും നാം സൂക്ഷ്മത ഉള്ളവർ ആയിരിക്കണം. 'ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ, ആ ബലഹീനസഹോദരൻ ഇങ്ങനെ നിന്റെ അറിവിനാൽ നശിച്ചുപോകുന്നു. ഇങ്ങനെ സഹോദരന്മാരുടെ നേരേ പാപം ചെയ്ത്, അവരുടെ ബലഹീനമനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോടു പാപം ചെയ്യുന്നു. ആകയാൽ ആഹാരം എന്റെ സഹോദരന് ഇടർച്ചയായിത്തീരും എങ്കിൽ എന്റെ സഹോദരന് ഇടർച്ച വരുത്താതിരിക്കേണ്ടതിനു ഞാൻ ഒരുനാളും മാംസം തിന്നുകയില്ല' (1 കൊരിന്ത്യർ 8 :11-13). പൗലോസ് വിഗ്രഹാർപ്പിതവുമായി ബന്ധപ്പെട്ടാണ് സംസാരിക്കുന്നത്. ക്ഷേത്രങ്ങൾക്ക് നേർച്ചയായി കൊടുത്ത മൃഗത്തിന്റെ മാംസം വിൽക്കുന്നിടത്തു നിന്ന് വാങ്ങുന്നത് അക്കാലത്ത് പതിവായ ഒരു കാര്യമായിരുന്നു. പക്ഷേ അപ്രകാരമുള്ള മാംസം വിഗ്രഹാർപ്പിതം (പ്രസാദം) ഭക്ഷിക്കുവാൻ മറ്റുള്ള വിശ്വാസികൾക്ക് പ്രേരണയായിത്തീരും എങ്കിൽ ഈ മാംസവും ഭക്ഷിക്കുകയില്ല എന്നതായിരുന്നു പൗലോസിന്റെ തീരുമാനം. കാരണം ആർക്കും ഇടർച്ച ആകരുത് എന്നതു തന്നെ. സഹവിശ്വാസികളെ സംരക്ഷിക്കുന്ന മനോഭാവം ആയിരുന്നു പൗലോസിന്റെ ഈ മുൻകരുതൽ. ഇതാണ് നാം ഓരോരുത്തരും മാതൃക ആക്കേണ്ടത്. ഓരോരുത്തരും ക്രിസ്തുവിന് വിലയേറിയവരാണ്. കർത്താവ് നമുക്ക് ഓരോരുത്തർക്കും വേണ്ടിയാണ് മരിച്ചത്. ഈ ഗൗരവബോധം നമ്മെ ഭരിക്കണം.

സ്വയം വഴിതെറ്റാതെ നമ്മെത്തന്നെ സൂക്ഷിക്കുവാനും, മറ്റ് സഹവിശ്വാസികളെ വിശ്വാസത്തിൽ സംരക്ഷിക്കുവാനും നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ. •

# ‘വരുവാനുള്ള ഏലിയാവ് അവൻ തന്നെ’

***“പിന്നെ എന്ത്? നീ ഏലിയാവോ എന്ന് അവനോട് ചോദിച്ചതിന്: അല്ല എന്നു പറഞ്ഞു” (യോഹന്നാൻ 1:21).***

**യെ**രുശലേമിൽ നിന്ന് യഹൂദന്മാർ അയച്ച പുരോഹിതന്മാരും ലേവ്യരും യോഹന്നാൻ സ്നാപകന്റെ അടുക്കൽ വന്ന് അവനെക്കുറിച്ച് അവനോടുതന്നെ ചോദിക്കുന്ന ചോദ്യവും അതിന്റെ ഉത്തരവും ആണ് മേലുദ്ധരിച്ച വാക്യം. ‘എലിയാപ്രവാചകനെ’ അയയ്ക്കണം എന്ന് മലാഖി 4:5 ലെ പ്രവചനത്തിൽ പറയുന്ന ഏലിയാവാണോ എന്നറിയുന്നതിനാണ് അവർ അന്വേഷണസംഘത്തെ നിയോഗിച്ചയച്ചത്. താൻ ഏലിയാവല്ല എന്ന് യോഹന്നാൻ മറുപടിയും നൽകി. “നിങ്ങൾക്കു സ്വീകരിപ്പാൻ മനസുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ ”(മത്തായി 11:14) എന്ന് യോഹന്നാൻ സ്നാപകനെക്കുറിച്ച് കർത്താവ് പറയുമ്പോൾ സംശയത്തിനിടനൽകാതെ സ്പഷ്ടമാക്കുന്നത് ‘വരുവാനുള്ള ഏലിയാവ് അവൻ തന്നെ’ എന്നാണ്. ഒറ്റനോട്ടത്തിൽ ഈ ഉത്തരങ്ങൾ പരസ്പരവിരുദ്ധമെന്നു തോന്നാം.

താൻ ഏലിയാവല്ലെന്ന് സ്നാപകയോഹന്നാനും അവൻ ഏലീയാവു തന്നെയെന്ന് ക്രിസ്തുവും സാക്ഷീകരിച്ചു. ഒറ്റനോട്ടത്തിലുള്ള ഈ വൈരുധ്യം ഇല്ലാതാക്കുന്ന ഒരു വിശദീകരണം ലൂക്കോസ് 1:17–ൽ പറഞ്ഞിരിക്കുന്നു. ‘സ്നാപകയോഹന്നാൻ ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ വന്നു’ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതാണ് അത്.

ഏലിയാപ്രവാചകന്റെ ശുശ്രൂഷാകാലയളവിൽ അവന്റെമേൽ ദൈവം പകർന്ന അതേ ആത്മാവും ശക്തിയും യോഹന്നാൻ സ്നാപകന്റെ മേൽ പകർന്നുനൽകി എന്നാണ് ഇതിനർത്ഥം.

ഏലിയാവിന്റെ ആത്മാവോടുകൂടെ വരുന്ന വ്യക്തിയെ ഏലിയാവ് എന്നു വിളിക്കുന്നതും അത് ഏലിയാവല്ലെന്നു പറയുന്നതും ഒരേസമയത്ത് ശരിയാണ്. ആജാനബാഹുവായ ഒരുവനെ ഗോലിയാത്ത് എന്നു വിളിക്കുന്നതും അദ്ദേഹം ഗോലിയാത്ത് അല്ലെന്ന് പറയുന്നതും ഒരുപോലെ ശരിയാണല്ലോ.

ക്രിസ്തുവിന്റെ വരവിനുമുൻപും, ക്രിസ്തു, രാജ്യം സ്ഥാപിക്കുന്നതിനു മുൻപും ഏലിയാവ് വരണമെന്നത് പ്രവചനമാകുന്നു (മലാഖി 4:5).

കേട്ടോ, ഒരുത്തൻ വിളിച്ചുപറയുന്നത്: മരുഭൂമിയിൽ യഹോവയ്ക്കു വഴി ഒരുക്കുവിൻ, നിർജ്ജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ (യെശയ്യാവ് 40:3). യേശുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയെക്കുറിക്കുന്നതാണ് ഈ പ്രവചനം. ഇതേ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് യെശയ്യാപ്രവാചകൻ പ്രവചിച്ചത് ഇവനെക്കുറിച്ചു തന്നെ യോഹന്നാനെക്കുറിച്ച് മത്തായി 3:3–ൽ വ്യക്തമാക്കിയിരിക്കുന്നു. “എനിക്കുമുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമ ദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേ ക്കുവരും (മലാഖി 3:1). ‘എന്റെ ദൂതൻ’ എന്നു പറയുന്നത് വഴിയൊരുക്കുന്ന യോഹന്നാൻ സ്നാപകനേയും ‘കർത്താവും നിയമ ദൂതനുമായവൻ’ എന്നത് ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. യോഹന്നാനിൽ വ്യാപരിക്കുന്ന അത്മാവിനെക്കുറിച്ച് മലാഖി 4:5–ൽ ‘ഞാൻ നിങ്ങൾക്ക് ഏലിയാപ്രവാചകനെ അയയ്ക്കും.’ എന്ന് തുടർന്ന് പറയുന്നു.

ക്രിസ്തു സ്വന്തത്തിലേക്ക് വന്നു സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന നിബന്ധന യഹൂദന്മാർ പാലിക്കാത്തതുകൊണ്ട് രാജ്യം സ്ഥാപിച്ചില്ല. കാരണം, ജാതികളുടെ രക്ഷ എന്ന ദൈവീക പദ്ധതി പാലിക്കപ്പെടണമെങ്കിൽ യഹൂദന്റെ ഹൃദയകാഠിന്യം ആവശ്യവുമായിരുന്നു. ആയതിനാൽ ആത്മിക ദൈവരാജ്യം ചെറിയതോതിൽ ആരംഭിച്ച് സാവധാനം വളരുന്ന പ്രക്രിയ യ്ക്കു തുടക്കമായി. മത്തായി 13:31 ൽ പറയുന്ന കടുകുമണിയുടെ ഉപമ ഇതു വ്യക്തമാക്കുന്നു.

•

രുന്നുള്ളൂ. എന്നാൽ കുടുംബനാഥന്റെയോ സഭാ നേതാവിന്റെയോ കൽപ്പനകൊണ്ട് ഉണർവും ശുദ്ധീകരണവും ഉണ്ടാകുന്നില്ല...! കൽപ്പന പേടിച്ച് പരസ്യമായി അശുദ്ധി തെരുവിൽ കാട്ടിയില്ലെങ്കിലും, ഭവനത്തിൽ നിന്നും ഹൃദയത്തിൽ നിന്നും അത് ഇറങ്ങിപ്പോവില്ല എന്നുമാത്രം.

ശുദ്ധീകരണം കഴിഞ്ഞാണ് പെസഹ ആരാധന. രാജാവിന് വേണമെങ്കിൽ നേരത്തെയും പെസഹ നടത്താമായിരുന്നല്ലോ. എന്നാൽ ശുദ്ധീകരണം ഇല്ലാത്ത പെസഹാ അർത്ഥശൂന്യമാണ്. ജനത്തെ വിളിച്ചുകൂട്ടി ആരാധിച്ചത് കൊണ്ട് മാത്രം ഉണർവ് ഉണ്ടാവില്ല. ശുദ്ധീകരണം ആണ് ആദ്യം ഉണ്ടാകേണ്ടത്.

**ആരാണ്, എന്താണ് ശുദ്ധീകരിക്കുന്നത്? വചനം!**

ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവർ ആകുന്നു( യോഹന്നാൻ 15:3). വചനത്താലാണ് ശുദ്ധീകരിക്കപ്പെടുന്നത്. മഹാപുരോഹിത പ്രാർത്ഥനയിലും കർത്താവ് ഇതുതന്നെ പറയുന്നു: 'സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ. നിന്റെ വചനം സത്യമാകുന്നു' (യോഹന്നാൻ 17:17).

എങ്ങനെയാണ് ശുദ്ധീകരിക്കപ്പെടുന്നത്? ഏങ്ങലടിച്ചു കുറെ കരയുന്നതിനാലോ...? കെട്ടിടം പണിയിൽ ഇഷ്ടിക എറിച്ചു നിന്നാൽ എന്താണ് ചെയ്യുന്നത്? വെള്ളമൊഴിച്ച് കഴുകുമോ? ഒരിക്കലുമില്ല. അളവുകോൽ പിടിച്ച് മുഴച്ചു നിൽക്കുന്ന ഇഷ്ടിക പൊട്ടിച്ചു കളയും. അതാണ് ശുദ്ധീകരണം. വചനത്തിന്റെ അളവുകോൽ, വചനത്തെ കവച്ചു വയ്ക്കുന്ന മനുഷ്യന്റെ താല്പര്യങ്ങളും ഇച്ഛകളും പൊട്ടിച്ചുകളയണം. മുരടിച്ച കൊമ്പുകൾ ചെത്തി വെടിപ്പാക്കണം. (യോഹന്നാൻ 15:2).

ആരാധന കഴിഞ്ഞപ്പോൾ ശുശ്രൂഷകൾ ക്രമത്തിൽ ആയി. ആലയം യഥാസ്ഥാനത്താക്കപ്പെട്ടു. മാതൃകാപരമായ ഉണർവ്! അല്ലേ...? യോശിയാവിന്റെ ഹൃദയവ്യഗ്രത തിരുവചനത്തിന്റെ കണ്ടെത്തലിൽ ചെന്നെത്തിയതാണ് ഉണർവിന് വഴിത്തിരിവായത്. പിന്നെ വചനം അതിന്റെ വഴിയിൽ കാര്യങ്ങൾ ചെയ്തു. വചനം ജനത്തെ ഉടമ്പടി ബന്ധത്തിലേക്ക് നയിച്ചു. ശുദ്ധീകരണത്തിലേക്ക് നയിച്ചു... യഥാസ്ഥാനത്തിലേക്ക് നയിച്ചു....

യഥാർത്ഥമായ ഉണർവുകളിലെല്ലാം വചനം പ്രവർത്തിക്കുന്നുണ്ട്. പ്രവാസത്തിലിരുന്ന ദാനിയേൽ, യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും പ്രവാസകാലം 70 സംവത്സരം ആയിരിക്കുമെന്ന് ഗ്രഹിച്ചതാണ് യെരുശലേമിന്റെ പുനരുദ്ധാരണത്തിനായി ദൈവത്തോട് അപേക്ഷിക്കുവാനും പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും ദാനിയേലിന് പ്രേരണ ആയത്( ദാനിയേൽ: 9 )

പ്രവാസത്തിൽ നിന്ന് മടങ്ങിവന്ന ജനം ന്യായപ്രമാണത്തിന്റെ ശ്രവണത്തിനായി ആവലോടെ കാത്തിരിക്കുന്ന കാഴ്ചയാണ് നെഹമ്യാവിൽ നാം കാണുന്നത്. അവർ യഹോവയുടെ ന്യായപ്രമാണ വാക്കുകളെ കേട്ട് കരഞ്ഞു... അനുതപിച്ചു... സന്തോഷിച്ചു...അവർ വീടുവിട്ട് കൂടാരങ്ങളെ പണിത് അതിൽ താമസിച്ചുകൊണ്ട് വചനം കേട്ടു. (നെഹമ്യാവ് 8 :17,18) പ്രവാസത്തിന് മുമ്പുണ്ടായിരുന്ന ജനങ്ങളെക്കാൾ തീഷ്ണതയോടെ പ്രവാസാനന്തര ജനങ്ങൾ ഏകസത്യദൈവ വിശ്വാസത്തിലും, ഭക്തിയിലും വളർന്നതിന്റെ കാരണം എസ്രാ ശാസ്ത്രി മുതൽ ഇങ്ങോട്ട് ഉള്ളവർ വചനം ജനങ്ങൾക്ക് സമീപമാക്കി കൊടുത്തത ല്ലാതെ മറ്റൊന്നുമല്ല. അതെ, അത് വചനത്തിന്റെ ശക്തിയല്ലാതെ മറ്റൊന്നും അല്ല.

പുതിയനിയമത്തിൽ യേശുവിന്റെ വചനങ്ങൾക്കായി ജനം വിശപ്പ് മറന്നിരുന്നു. പെന്തക്കോസ്ത് നാളിൽ എല്ലാവരും അന്യഭാഷ സംസാരിച്ചപ്പോഴും, വ്യാഖ്യാനം കേട്ടപ്പോഴുമല്ല, പത്രോസിന്റെ പ്രസംഗം കേട്ടപ്പോഴാണ് വചനം ശ്രവിച്ചപ്പോഴാണ് ജനങ്ങൾ ഹൃദയത്തിൽ കുത്ത് കൊണ്ടവരായി യേശുവിന്റെ അനുയായികളായത്. കൊർന്നല്ല്യോസിന്റെ ഭവനത്തിൽ വചനം കേട്ടവരുടെ മേൽ ആയിരുന്നു പരിശുദ്ധാത്മാവ് വന്നത്.

സഭാചരിത്രത്തിൽത്തന്നെ നവീകരണത്തിന്റെ മുന്നേറ്റത്തിന് കാരണം വില്യം ടിൻറ്റെലിനെപ്പോലുള്ളവർ വചനം സാധാരണക്കാർക്ക് നൽകാൻ ശ്രമിച്ചതു കൊണ്ടല്ലേ...? മാർട്ടിൻ ലൂഥറിന്റെയും സ്വിഗ്ളിയുടെയും കാലത്തുണ്ടായ നവീകരണം അവർ ദൈവവചനത്തെ ജനങ്ങളിൽ എത്തിച്ചതു കൊണ്ടല്ലേ...?

ഗ്രേറ്റ് എവൈയ്ക്കനിംങ്ങിന്റെ കാലം ഇന്നും ഓർമ്മയായി പലരുടെയും മനസ്സിൽ നിലനിൽക്കാൻ കാരണം ജോനാഥൻ എഡ്വേർഡിന്റെ വചനാടിസ്ഥാനത്തിലുള്ള പ്രഭാഷണങ്ങൾ അല്ലേ...? ജോൺ വെസ്സ്ലിയുടെ മെഥോഡിസം യൂറോപ്പിൽ ആകെ ഒരു കാട്ടു തീ പോലെ കത്തിപ്പടർന്നതു സത്യവചനം അവർ ജനങ്ങളിൽ എത്തിച്ചതു കൊണ്ടല്ലേ...? ഇവാഞ്ചലിക്കൽ എവൈയ്ക്കനിംങ്ങിന്റെ അമേരിക്കൻ ശുശ്രൂഷകൻ ആയിരുന്ന ജോർജ് വൈറ്റ്ഫീൽഡ് ഇന്നും സ്മരിക്കപ്പെടുന്നത് തന്റെ പ്രസംഗങ്ങളിലെ വചനാധിഷ്ഠിതമായ ശുദ്ധീകരണത്തിന് വേണ്ടിയുള്ള ആഹ്വാനത്താലാണ്.

ഇതൊക്കെ ഉണർവ് വരുന്ന നാൾവഴി...! ഉണർവ് ഉണ്ടാകുന്നതും അത് നിലനിൽക്കുന്നതും വചനത്താലാണ്. എഡ്വിൻ ഓറിന്റെ വാക്കുകളിൽ: വേദപുസ്തക വചനസത്യങ്ങളിലേക്ക് സഭ മടങ്ങിപ്പോവുകയും ജനം പുതിയ നിയമ ജീവിതരീതിയെ സ്വീകരിക്കുകയും ചെയ്താൽ ഉണർവ് ഉണ്ടാകും. ഉണർത്തപ്പെട്ട സഭ വചനത്തിൽ നിലനിന്നാൽ പുതിയനിയമ ജീവിതരീതി യഥാസ്ഥാനപ്പെടുകയും ചെയ്യും.

വചനത്തിന്റെ അടിസ്ഥാനത്തിൽ പണിതുയരുന്ന ഉണർവ്വ് ജനത്തെ ദൈവിക ഉടമ്പടി ബന്ധത്തിലേക്ക് ഉയർത്തുന്നു. അവരെ ശുദ്ധീകരിക്കുന്നു. അവരെ ക്രമീകരിക്കുന്നു. അവരെ യഥാസ്ഥാനപ്പെടുത്തുന്നു. യഥാർത്ഥ ആത്മീയ ഉണർവിൽ ദൈവരാജ്യം ഭൂമിയിലേക്ക് ഇറങ്ങി വരുന്നു.

വചനാധിഷ്ഠിതമായ ഒരു ഉണർവിനായുള്ള അഭിവാഞ്ഛയാൽ നമ്മുടെ ഹൃദയം നിറയട്ടെ. വചനം ആണ് അതിന്റെ വാതായനം എന്നത് മറക്കണ്ട. ദൈവം അത് അയയ്ക്കും തീർച്ച! •

# 'എനിക്കെന്തുണ്ട്' എന്നതല്ല 'ഞാനാരാണ്' എന്നതിലാണ്...

ലാലുവിന് ഒരു കുതിര ഉണ്ടായിരുന്നു.
ലാലുവിന്റെ നാട്ടിൽ ലാലുവിന് മാത്രമേ കുതിര ഉണ്ടായിരുന്നുള്ളൂ.
ലാലു കുതിരപ്പുറത്ത് തല ഉയർത്തിയിരുന്നു.
ഒരു ദിനം ലാലുവിന്റെ കുതിര കാട്ടിൽ കയറിയിട്ടു തിരിച്ചുവന്നില്ല.
ലാലു പിന്നെ പുറത്തിറങ്ങിയില്ല ... തല ഉയർത്തിയതുമില്ല.
പിന്നെയൊരുദിനം ലാലുവിന്റെ കുതിര തിരിച്ചു വന്നു,
ഒപ്പം മറ്റൊരു കുതിരയും;
ലാലുവിന് ഇരട്ടി സന്തോഷം ഇരട്ടി അഭിമാനം.
വീണ്ടുമൊരുദിനം ലാലുവിന്റെ രണ്ടു കുതിരകളും കാടു കയറി.
ഇപ്പോൾ ലാലു പുറത്തിറങ്ങി, തലയുയർത്തി നടന്നു.
ചോദിച്ചവരോടൊക്കെ ലാലു പറഞ്ഞു:
'എനിക്കെന്തുണ്ട്' എന്നതല്ല 'ഞാനാരാണ്' എന്നതിലാണ്
ഇപ്പോൾ എന്റെ അഭിമാനം.
ആളുകൾ പറഞ്ഞു, ഇപ്പോഴാണ് ലാലു അറിയേണ്ടത് അറിഞ്ഞത്.

# ജീവിത സായാഹ്നത്തിൽ തണലേകുക

ഒറ്റയ്ക്ക് താമസിക്കേണ്ടി വരുന്നവർ അനുഭവിക്കുന്ന മാനസിക ആരോഗ്യ സുരക്ഷാ പ്രശ്നങ്ങളെക്കുറിച്ച് 28/07/2023 ലെ മലയാള മനോരമ ദിനപത്രത്തിന്റെ എഡിറ്റോറിയലിൽ മാന്യവായനക്കാർ വായിച്ചിരിക്കുമെല്ലോ. പ്രായമായവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഇവരോടുള്ള ജനങ്ങളുടെ മനോഭാവവും ആണ് കേരളത്തിലെ വയോധികർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. വിദ്യാസമ്പന്നരുടെ കേരളത്തിൽ മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പകർച്ചവ്യാധി പോലെ ഈ മൂല്യച്യുതി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും പടരുന്നതു കണ്ടില്ല എന്ന് വേണ്ടപ്പെട്ടവർ നടിച്ചാൽ അതിന് നാം കൊടുക്കേണ്ടി വരുന്ന വില അതിഭയങ്കരമായിരിക്കും.

മക്കളെ ജനിപ്പിച്ച് വളർത്തി പഠിപ്പിച്ചു വലുതാക്കിയ മാതാപിതാക്കൾക്കും വയോജനങ്ങൾക്കും അവർക്കാവശ്യമായ സമാധാനവും സുരക്ഷയും അർഹിക്കുന്ന പരിഗണനയും നൽകേണ്ടത് മക്കളുടെ ഉത്തരവാദിത്വമാണ്. അത് ഒരു കടം വീട്ടൽ കൂടിയാണ്. 2050 ആകുമ്പോൾ കേരളത്തിലെ ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണം ഒരു കോടിയോളം ആകുമെന്നാണ് നിഗമനം. വയോജനങ്ങളിൽ കൂടുതലും സ്ത്രീകളാണ്. നല്ലൊരു പങ്കു സ്ത്രീകളുടെയും ഭർത്താക്കന്മാർ മരിച്ചു പോയവരാണ്. നിരന്തരം അലട്ടുന്ന ശാരീരിക രോഗങ്ങളും മക്കളുടെയും കൊച്ചുമക്കളുടെയും പരിഹാസ വാക്കുകളും അവഗണനകളും സഹിച്ച് നാല് ചുവരുകൾക്കുള്ളിൽ പലപ്പോഴും ഉറക്കമില്ലാതെ കഴിച്ചുകൂട്ടുവാൻ ആണ് ഇങ്ങനെയുള്ളവരിൽ നല്ലൊരു പങ്കും വിധിക്കപ്പെട്ടിരിക്കുന്നത്.

വാർധക്യാവസ്ഥകളിലൂടെ ഇതുവരെ കടന്നു പോയിട്ടില്ലാത്ത മക്കൾക്കോ കൊച്ചുമക്കൾക്കോ വയോജനങ്ങൾ അനുഭവിക്കുന്ന ശാരീരിക മാനസിക അവസ്ഥ മനസിലാക്കുക അസാധ്യം തന്നെയാണ്. ഈ അറിവ് ദൂരദിക്കുകളിലേക്കും വിദേശരാജ്യങ്ങളിലേക്കുംചേക്കേറിയിരിക്കുന്ന മക്കളുടെ സമാധാനത്തെ കെടുത്തേണ്ടതല്ലേ? വളർത്തി വലുതാക്കിയ മാതാപിതാക്കളെ സംരക്ഷിക്കുവാൻ മക്കൾ തയ്യാറാകാത്തത് ചൂണ്ടിക്കാട്ടി സംസ്ഥാനത്ത് 15000ത്തിലേറെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. എന്തൊരു ദുർവിധി ആണിത്! ഉപായത്തിലും തന്ത്രത്തിലും മാതാപിതാക്കളുടെ സ്വത്തുവകകൾ കൈക്കലാക്കിയതിനു ശേഷം സംരക്ഷിക്കുവാൻ മക്കളോ ബന്ധുക്കളോ ആരുമില്ലാതെ തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ ഹൃദയവേദന കണ്ടിട്ട് കണ്ടില്ലെന്ന് നടിക്കുന്ന അന്ധന്മാർ അല്ലേ നാം ഉൾപ്പെട്ട നിൽക്കുന്ന ഈ സമൂഹം!

ഇങ്ങനെ സംഭവിക്കുന്നത് നിലവിലുള്ള നിയമപരിരക്ഷയെ കുറിച്ച് വയോജനങ്ങൾക്ക് അറിവില്ലാത്തതുകൊണ്ടാണോ? അതോ നിയമം നടപ്പിലാക്കേണ്ട അധികാരികൾ മൗനം പാലിക്കുന്നതുകൊണ്ടാണോ, തങ്ങളുടെ മക്കൾക്ക് തങ്ങൾ മുഖാന്തരം ഒരു പേരുദോഷം കേൾപ്പിക്കേണ്ട എന്ന സമീപനം അനാഥത്വം പേറുന്ന വയോജനങ്ങൾ എടുക്കുന്നത് കൊണ്ടാണോ?

വാർദ്ധക്യകാലത്ത് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും വയോജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. വാർദ്ധക്യകാലത്ത് അവരെ പിടിച്ചിരിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകി പരിചരണം കൊടുക്കണം. അതിന് വീട്ടിലെത്തിയുള്ള വൈദ്യപരിശോധന നടപ്പാക്കണം. മസ്റ്ററിംഗ് അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കുമ്പോൾ ആരോഗ്യപ്രശ്നം ഉള്ള വയോജനങ്ങളെ ബുദ്ധിമുട്ടിക്കാതെ അവർക്ക് വേണ്ടുന്ന ക്രമീകരണങ്ങൾ സർക്കാർസംവിധാനങ്ങൾ ചെയ്തു കൊടുക്കണം. പ്രായമായവരെ ചേർത്തുനിർത്തി അവരാഗ്രഹിക്കുന്ന, അർഹിക്കുന്ന സാന്ത്വനവും പരിചരണവും ശ്രദ്ധയും നൽകാനുള്ള മനോഭാവം കേരളീയ സമൂഹത്തിന് ഉണ്ടാകട്ടെ. മുതിർന്ന പൗരന്മാർക്ക് വേണ്ട പരിരക്ഷയും പരിഗണനയും നൽകുന്നതിൽ ഒരു ഉപേക്ഷയും ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൂടാ...

●

# സ്നേഹം, സ്നേഹം മാത്രം

കലാപങ്ങളും അതിക്രമങ്ങളും വെറുപ്പിന്റെ രാഷ്ട്രീയവും ഒക്കെ ഇന്ന് ആവർത്തനവിരസത ഉളവാക്കുന്ന സ്റ്റോറീസാണ്. ഇതിനിടയിൽ സ്നേഹം കൊണ്ട് സഹജീവികളുടെ മനസ്സിനെ കീഴ്പ്പെടുത്തിയവർ ചരിത്രത്താളുകളിൽ മാത്രമല്ല ജനഹൃദയങ്ങളിലും ദേവദാരുവൃക്ഷം പോലെ ഉയർന്നുനിൽക്കുന്നു.

നാം സ്നേഹത്തെ വാഴ്ത്തിപ്പാടുമ്പോഴും വിവിധ ഭാഷകളിലെ മൂലാർത്ഥങ്ങൾ ഉദ്ധരിച്ച് സ്നേഹത്തിന്റെ മഹത്വം പ്രസംഗിക്കുമ്പോഴും സ്നേഹം നമ്മുടെ ജീവിതത്തിൽ പകർത്തുവാൻ അത്ര ശ്രമിക്കാറില്ല എന്നത് വാസ്തവമല്ലേ? സ്നേഹത്തിന്റെ അധ്യായമെന്നു വിശേഷിപ്പിക്കപ്പെടുന്ന 1 കൊരിന്ത്യർ 13 വിവാഹശുശ്രൂഷകളിലും സഭായോഗങ്ങളിലും കൂട്ടായ്മകളിലും പ്രകീർത്തിക്കുമ്പോഴും അടുത്ത അധ്യായത്തിലെ ആദ്യവാക്യം നാം മനസ്സോടെ മറക്കുന്നു, 'സ്നേഹം ആചരിക്കുവാൻ ഉത്സാഹിക്കുവിൻ' എന്ന് ഒരുമയില്ലാത്ത കൊരിന്തിലെ വിശ്വാസികളോട് പ്രബോധിപ്പിച്ച പൗലോസ് സ്നേഹം നിർവ്യാജം ആയിരിക്കണമെന്നും അനുശാസിച്ചു. വെള്ളിയിൽ നിന്ന് കീടം നീക്കുന്നതു പോലെ നമ്മുടെ ഉള്ളിലെ വെറുപ്പും വിദ്വേഷവും അസൂയയും വെളിയിൽ വന്നെങ്കിലേ സ്നേഹം പ്രദർശിപ്പിക്കപ്പെടുകയുള്ളൂ.

വാർദ്ധക്യത്തിൽ മരിച്ച ഏക ക്രിസ്തുശിഷ്യൻ യോഹന്നാൻ ആയിരുന്നല്ലോ? അവസാന നാളുകളിൽ പത്മോസിലേക്കു നാടുകടത്തപ്പെട്ട യോഹന്നാനെക്കുറിച്ച് പറയപ്പെടുന്ന ഒരു കഥയുണ്ട്. സഭായോഗങ്ങളിലേക്ക് യോഹന്നാനെ മറ്റുള്ളവർ വിളിച്ചുകൊണ്ട് പോകും. പലപ്പോഴും ചുമന്നു കൊണ്ടാണ് പോകുക. അവിടെ ചെന്നിട്ട് അവർ പറയും: ക്രിസ്തുവിനോടൊപ്പം നടന്ന ആളല്ലേ? യേശുവിന്റെ മാറിൽ ചാഞ്ഞുറങ്ങിയ ആളല്ലേ? ഞങ്ങളോട് ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞാലും. ചില കാര്യങ്ങളൊക്കെ ഓർത്തെടുത്ത് യോഹന്നാൻ പറയും.സ്നേഹം! പിന്നെ കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്. ക്ഷീണതനായി ഇരിക്കുമ്പോൾ ചുറ്റുമുള്ളവർ പിന്നെയും ചോദിക്കും. ഒരു വാക്കു കൂടി... യോഹന്നാൻ ചില നിമിഷങ്ങൾ നിശബ്ദനായി ഇരുന്നശേഷം വീണ്ടും പറയും. സ്നേഹം! അവസാനനാളുകളിൽ യോഹന്നാൻ പറഞ്ഞിരുന്ന ഏകപദം സ്നേഹമായിരുന്നു. സ്നേഹം മാത്രം. ഉവ്വ്, ക്രിസ്തുവിന്റെ ഹൃദയസ്പന്ദനം അറിഞ്ഞവർക്ക് ഈ ഒറ്റപ്പദം മാത്രമേ ഓർക്കാനാവൂ.

ന്യായപ്രമാണത്തിലെ ഏറ്റവും വലിയ കൽപ്പനയും ദൈവത്തോടുള്ള സമ്പൂർണ്ണ സ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും ആണല്ലോ. അതുകൊണ്ടാണ് സ്നേഹമില്ലാത്ത ത്യാഗവഴികളും സംഭാവനകളും കൃപാവരങ്ങളും ഒന്നും ഒന്നുമല്ല എന്ന് അപ്പോസ്തലൻ പറഞ്ഞത്. എല്ലാറ്റിന്റെയും അവസാനം അടുത്തിരിക്കുകയാൽ പരസ്പരസ്നേഹത്തിൽ നമുക്ക് വർദ്ധിച്ചു വരാം.

**-എംസി**


Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.08.2023

NERVEEDHI - AUGUST 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025


## ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

# മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?

ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്


## പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും.

അനുഗ്രഹീത ദൈവദാസൻ **ജോയ് എം തോമസ്** എഴുതിയ ഈ ഗ്രന്ഥം . ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.




## അനുഗ്രഹീതവും സന്തുഷ്ടി നിറഞ്ഞതുമായ കുടുംബജീവിതത്തിന് സുരഭില ഭവനം ആവശ്യമായ പ്രായോഗിക ഉപദേശങ്ങൾ.




Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.